# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

NOVEMBER - DECEMBER 2024 No. 6 | 24



# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**



**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**



**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- ബേഥാന്യയിലെ മാർത്ത......1
- വഞ്ചിക്കപ്പെടുവാൻ ഏല്പിച്ചുകൊടുത്തവൻ......4
- ദൈവകൃപ ലഭിച്ച മറിയ......6
- നിഴലുകൾ......8
- യാക്കോബിന്റെ ഉപായങ്ങളിൽ പങ്കാളിയായ റിബേക്ക......13
- നിക്ഷേപം......15
- മനസ്സു പുതുക്കി രൂപാന്തരപ്പെടുക......17
- രാജധാനിയിൽ കിട്ടിയ ചുംബനം......19
- പ്രശംസിക്കപ്പെട്ടവൾ......23
- വിവാഹം മാന്യം, എന്നാൽ......26
- ക്രിസ്തുവിശ്വാസിയുടെ തിരഞ്ഞെടുപ്പിന്റെ......30
- വിശുദ്ധിയും വേർപാടും......33
- Quest -98......36
- റെയ്മണ്ട് മനോഹർ അഞ്ചൻ - ഒരു അനുസ്മരണം......Cover iii

*ആമുഖം*

# ബേഥാന്യയിലെ മാർത്ത

ബേഥാന്യയിലെ സഹോദരിമാരിൽ മറിയയാണ് സാധാരണ യായി ഏവരുടെയും ശ്രദ്ധാകേന്ദ്രം. പരിഭവത്തിന്റെയും, ആവലാതി യുടെയും പര്യായമായിട്ടാണ് മാർത്തയെക്കുറിച്ച് ചിന്തിക്കാറുള്ളത്. മാർ ത്തയ്ക്ക് വെറും നിഷേധാത്മകമായ (negative) സ്വഭാവം മാത്രമാണോ ഉണ്ടായിരുന്നത്?

മാർത്തയെ തിരുവചനത്തിൽ മൂന്നു പ്രാവശ്യം കാണുന്നു. ലൂക്കൊസ് 10:38-42 സഹോദരിമാരായ മാർത്തയും, മറിയയും, ഏക സഹോദരൻ ലാസറും അടങ്ങിയ ചെറുകുടുംബം മാർത്ത മൂത്ത സഹോ ദരി ആയിരുന്നതിനാൽ അതിഥികളെ സ്വീകരിക്കുന്നതിലും, സത്കരി ക്കുന്നതിലും ഒരുപടി മുമ്പിലായിരുന്നു. യാത്രചെയ്ത് വിശന്നും, ക്ഷീണിച്ചും വന്ന യേശു കർത്താവിനെ 'മാർത്ത എന്ന സ്ത്രീ ഭവന ത്തിൽ കൈക്കൊണ്ടു' എന്നു കാണുന്നു. അനന്തരം രുചികരമായ ഭക്ഷണപദാർത്ഥങ്ങൾ ഒരുക്കുന്നതിൽ വ്യാപൃതയായി. വിഭവസമൃദ്ധ മായ ആഹാരം പാകം ചെയ്തതിനാൽ മാർത്ത 'വളരെ ശുശ്രൂഷയാൽ കുഴങ്ങി'. മറിയ തന്റെ ആത്മീയ ആഹാരത്തിനു പ്രഥമസ്ഥാനം നല്കി അതു ശ്ലാഘനീയം തന്നെ കർത്താവു അവളെ വളരെ അഭിനന്ദിച്ചു. ആവശ്യത്തിനുള്ളതുമാത്രം തയ്യാറാക്കിയിരുന്നെങ്കിൽ, കർത്താവിന്റെ പാദത്തിങ്കലിരിക്കുവാൻ മാർത്തയ്ക്കും സമയം ലഭിച്ചേനേം ഒരു പരാതി ക്കും ഇടമുണ്ടാകയില്ലായിരുന്നു. ദൈവദാസന്മാർ നമ്മുടെ ഭവനത്തിൽ വരുമ്പോൾ നമ്മിൽ ചില സഹോദരിമാർ ആത്മീയ സംഭാഷണത്തിനു സമയം ചെലവഴിക്കുന്നതിൽ കൂടുതൽ പാചകവൈദഗ്ദ്ധ്യം പ്രദർശി പ്പിക്കുന്ന വിവിധ വിഭവങ്ങൾ പാകം ചെയ്ത് ക്ഷീണിതരായിത്തീരുന്നു. അതു ശരിയല്ല എന്നല്ലാതെ, മാർത്ത കർത്താവിനുവേണ്ടി ഭക്ഷണം ഒരുക്കിയതിൽ യാതൊരു അപാകതയുമില്ല.

അടുത്തതായി മാർത്തയെ നാം കാണുന്നത് യോഹന്നാൻ 11-ാം അദ്ധ്യായത്തിലാണ്. തന്റെ ഏക സഹോദരൻ മരിച്ച് അടക്കപ്പെട്ടിട്ട് നാലുദിവസമായി. മരിക്കുന്നതിനു മുമ്പുതന്നെ വളരെ പ്രതീക്ഷയോടെ ആ സഹോദരിമാർ തങ്ങളുടെ ഏകസങ്കേതമായിരുന്ന കർത്താവിനെ വിവരം അറിയിച്ചിരുന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച, കടലിലെ കൊടുങ്കാറ്റിനെ ഒരു വാക്കാൽ നിയന്ത്രിച്ച, പിറവിയിലേ കുരുടനായിരുന്നവനു കാഴ്ച നല്കിയ ആ യേശു കർത്താവ് വിവരമറിഞ്ഞ ഉടനെ ആഗതനായി തങ്ങളുടെ ഏകസഹോ ദരനും, കർത്താവിനു പ്രിയനുമായിരുന്ന ലാസറിനെ സൗഖ്യമാക്കുമെന്ന് അവർ പ്രതീക്ഷിച്ചു. എന്നാൽ ലാസർ മരിച്ചു. അടക്കപ്പെട്ടു. നാലു ദിവസമായി. കർത്താവു ഇനിയും വന്നില്ലല്ലോ. ആ സഹോദരിമാരുടെ

ദുഃഖത്തിനു അതിരില്ലായിരുന്നു. കർത്താവു സമയത്ത് എന്തുകൊണ്ടു വന്നില്ല? അത് ഉത്തരംമുട്ടിയ പ്രശ്നമായി അവശേഷിച്ചു!

ഇത്തരുണത്തിലാണ് മാർത്തയുടെ പതറിപ്പോകാത്ത ഉറച്ച വിശ്വാസം പ്രകടമായത്. യേശു അവരുടെ ഗ്രാമത്തിനു സമീപമെത്തിയെന്നുകേട്ട് മാർത്ത അവനെ എതിരേല്പാൻ ചെന്നു. ഈ സന്ദർഭത്തിൽ മാർത്തയ്ക്ക് ഒരുപാടു 'പരിഭവം' പറച്ചിലിനു കാരണമുണ്ടായിരുന്നു. എന്നാൽ അവൾ കർത്താവിനോടു പറയുന്നത്, 'ഇപ്പോഴും നീ ദൈവത്തോട് എന്തു അപേക്ഷിച്ചാലും ദൈവം നിനക്കു തരും എന്നു ഞാൻ അറിയുന്നു' എന്നാണ്. മാർത്തയുടെ അചഞ്ചലമായ വിശ്വാസം നാം ഇവിടെ കാണുന്നു. സമൂഹത്തിൽ പുറംതള്ളപ്പെട്ടവളായിരുന്ന ശമര്യസ്ത്രീക്ക് താൻ മശിഹാ ആണെന്നു വെളിപ്പെടുത്തിയ കർത്താവു 'താൻ പുനരുത്ഥാനവും, ജീവനുമാണ്. തന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നുള്ള മഹത്തായ സത്യം വെളിപ്പെടുത്തിക്കൊടുത്തു.' ഇവിടെ അവൾ, 'ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നെ' എന്ന അവളുടെ വിശ്വാസം ഏറ്റു പറഞ്ഞ് പ്രഖ്യാപിക്കുന്നു. മാർത്ത വിശ്വസിച്ചു; കർത്താവു ലാസറിനെ ഉയിർപ്പിച്ച് ദൈവത്തിന്റെ മഹത്ത്വം പ്രത്യക്ഷപ്പെടുത്തി.

മൂന്നാമതായി യോഹ. 12:1–2 വാക്യങ്ങളിൽ ശുശ്രൂഷാനിരതയായ മാർത്തയെ നാം വീണ്ടും കാണുന്നു. പെസഹയ്ക്ക് ആറുദിവസം മുമ്പെ കർത്താവു യരുശലേമിലേക്കുള്ള തന്റെ അന്ത്യയാത്രാമദ്ധ്യേ ബേഥാന്യയിലെത്തി. അവിടെ ഒരു വിരുന്നൊരുക്കിയതായി കാണുന്നു. അന്നത്തെ ഭക്ഷണത്തിന് യേശു മാത്രമായിരുന്നില്ല അതിഥി. ലാസർ അവനോടുകൂടെ പന്തിയിൽ ഇരുന്നവരിൽ ഒരാൾ ആയിരുന്നു. അന്നത്തെ വിരുന്നിൽ അനേകരും സംബന്ധിച്ചിരുന്നു. ഒരുപക്ഷേ, കർത്താവു വന്നപ്പോൾ, മരിച്ചവരിൽ നിന്നും ഉയിർപ്പിക്കപ്പെട്ട ലാസറിന്റെ പേരിലുള്ള ഒരു ആഘോഷം തന്നെ ആയിരുന്നിരിക്കാം! ലാസർ തന്റെ ജീവദാതാവോടൊത്ത് പന്തിയിൽ ഇരുന്നു. മറിയ പതിവു പോലെ കർത്താവിന്റെ കാല്ക്കൽ, ഈ പ്രാവശ്യം വിലയേറിയതും, സൗരഭ്യം തൂകുന്നതുമായ തൈലം കർത്താവിന്റെ പാദത്തിൽ പൂശി തന്റെ കാർകൂന്തലാൽ കാല് തുവർത്തിയതായി കാണുന്നു. അങ്ങനെ അവളുടെ നന്ദിയും, സ്നേഹവും പ്രദർശിപ്പിച്ചു. മാർത്തയോ, വിരുന്നൊരുക്കുന്നതിലും. ശുശ്രൂഷിക്കുന്നതിലും നിരതയായിരുന്നു. ഇന്നാകട്ടെ വലിയ ബദ്ധപ്പാടുകൾക്കിടയിലും, അവൾക്ക് യാതൊരു ആവലാതിയുമില്ല, സഹോദരിയോടു പരിഭവവുമില്ല. ഇന്ന് അവളുടെ പ്രധാന അതിഥിയായ യേശുകർത്താവ് ദൈവപുത്രനായ ക്രിസ്തു ആണെന്ന് അവൾക്കറിയാമായിരുന്നു. തന്റെ സഹോദരനെ ഉയിർപ്പിച്ചതിലുള്ള കൃതജ്ഞതാനിർഭരമായ ഹൃദയത്തിൽ നിന്നും നിറഞ്ഞു

കവിയുന്ന സേവനം ഇന്നവൾക്കു ആനന്ദമാണ്. ആശ്വാസമാണ്. ക്ഷീണമോ, മന്ദതയോ, അസൂയയോ കണികാണാൻ പോലുമില്ല. ബേഥാന്യയിലെ മാർത്ത ഇന്ന് പക്വമതിയാണ്. വിശ്വാസത്തിൽ വളർച്ച പ്രാപിച്ച മാർത്ത!

ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വോപദേശം 'പുനരുത്ഥാനം' എന്ന വിഷയമാണ്. പുനരുത്ഥാനവും, ജീവനുമായ കർത്താവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും 'ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും'. ഇതാണ് ഒരു ക്രിസ്ത്യാനിയുടെ മഹത്ത്വമുള്ള പ്രത്യാശ.

പ്രിയ സഹോദരിമാരേ, അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മെ ഉയിർപ്പിച്ച് പുതുജീവൻ നല്കിയിരിക്കുന്ന നമ്മുടെ കർത്താവിന്റെ ശുശ്രൂഷ നാം എത്രയോ വിശ്വസ്തതയോടെ നിർവഹിക്കേണ്ടതാണ്. നമ്മുടെ ചുറ്റും സാത്താന്യ ബന്ധനത്തിലും, മൂഢാചാരങ്ങളിലും ജീവിക്കുന്നവർക്ക് നിത്യജീവൻ ലഭിപ്പാൻ തക്ക വണ്ണം കർത്താവു നമ്മെ ഏല്പിച്ചിരിക്കുന്ന സേവനം നിഷ്ഠയോടെ ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ശരീരധാരിയായിരുന്ന കർത്താവിനെ മാർത്ത ശുശ്രൂഷിച്ചു: നാമോ നശിച്ചുപോകുന്ന ആത്മാക്കൾക്കുവേണ്ടി കർത്തൃസേവ നിർവ്വഹിക്കേണ്ടതല്ലേ? 'യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ' എന്നു തിരുവെഴുത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ഉത്സാഹത്തോടും ആത്മാവിന്റെ എരിവോടും സന്തോഷത്തോടും കർത്താവിന്റെ ശുശ്രൂഷ ചെയ്യുവാൻ ബേഥാന്യയിലെ മാർത്തയുടെ സേവനം നമുക്കു മാതൃകയായിരിക്കട്ടെ.

**മേരി അഞ്ചൻ, തുംകൂർ**

## Quest 97 - ന്റെ ശരി ഉത്തരങ്ങൾ

| | |
|---|---|
| 1. ആഹാബ് 1 രാജാ. 22:39 | 10. മിൽക്കോം 1 രാജാ. 11:5 |
| 2. ഓബദ്യാവ് 1 രാജാ. 18:3 | 11. ബെനായാവെ 1 രാജാ. 2:35 |
| 3. ബെൻ-ഹദദ് 1 രാജാ. 20:1 | 12. ശലോമോൻ രാജാവ് 1 രാജാ. 10:23 |
| 4. ഏലീശ ഏലീയാവിനോട് 1 രാജാ. 19:19-20 | 13. മേഘം 1 രാജാ. 8:10 |
| 5. നാബോത്ത് 1 രാജാ. 21:1 | 14. ആസയുടെ 1 രാജാ. 22:41 |
| 6. ആസയുടെ 1 രാജാ. 15:14 | 15. 13 ആണ്ട് 1 രാജാ. 7:1 |
| 7. ഗിബയോനിൽ യാഗം കഴിക്കാൻ പോയി. അത് പ്രധാന പൂജാഗിരി ആയിരുന്നു. 1 രാജാ. 3:4 | 16. ഹീരാം 1 രാജാ. 5:10 |
| 8. 120 താലന്ത് 1 രാജാ. 9:14 | 17. തിശ്ബി 1 രാജാ. 17:1 |
| 9. നാൽപത്തി ഒന്ന് 1 രാജാ. 14:21 | 18. ശമര്യയിൽ 1 രാജാ. 16:28 |
| | 19. യൊരോബെയാം 1 രാജാ. 12:25 |
| | 20. ശലോമോന്റെ വാഴ്ചയുടെ നാലാം ആണ്ടിൽ രണ്ടാം മാസമായ സീവ് മാസത്തിൽ 1 രാജാ. 6:1 |

# വഞ്ചിക്കപ്പെടുവാൻ ഏല്പിച്ചുകൊടുത്തവൻ

യിസ്രായേലിന്റെ ന്യായാധിപന്മാരിൽ ഒരുവനായിരുന്ന ശിംശോൻ നാസീർ വ്രതസ്ഥനും ശാരീരികമായി മഹാശക്തനുമായിരുന്നു. അവന്റെ കാലത്ത് ഫെലിസ്ത്യരായിരുന്നു യിസ്രായേലിനെ വാണിരുന്നത്. ശിംശോനും ഫെലിസ്ത്യരുമായുള്ള സകല പോരാട്ടങ്ങളും ആക്രമണങ്ങളും അവന്റെ ജീവിതത്തിലേക്കു കടന്നുവന്ന സ്ത്രീകളുമായി ബന്ധപ്പെട്ടവയായിരുന്നു. താൻ ഇഷ്ടപ്പെട്ട ഒരു ഫെലിസ്ത്യ കന്യകയെ തേടി മാതാപിതാക്കൾക്കൊപ്പം തിമ്നയിലേക്കു പോകുമ്പോൾ ഒരു ബാലസിംഹം അവന്റെ നേരെ വരികയും അവൻ അതിനെ ഒരു ആട്ടിൻകുട്ടിയെ എന്ന പോലെ കീറിക്കളകയും ചെയ്തത് മാത്രം വിവാഹത്തിനു മുമ്പ് സംഭവിച്ചതായിരുന്നു. എന്നാൽ ആ സംഭവവും ഫെലിസ്ത്യരുമായി ഒരു പോരാട്ടം നടക്കുന്നതിന് കാരണമായിത്തീർന്നു. (ന്യായാ. 14:1–20)

ശിംശോന്റെ ജീവിതത്തിലേക്ക് വന്ന മൂന്ന് സ്ത്രീകളിൽ ഒന്നാമത്തേത് തിമ്നയിലെ ഫെലിസ്ത്യ കന്യകയായിരുന്നു. അവളെ കാണാൻ പോയ വഴി അവൻ കൊന്ന ബാലസിംഹത്തിന്റെ ഉടലിൽ പിന്നീട് കണ്ട തേനും തേങ്കട്ടയും ഫെലിസ്ത്യരെ ആക്രമിക്കുന്നതിന് ഒരു നിമിത്തമായിത്തീർന്നു. ശിംശോൻ പറഞ്ഞ കടങ്കഥയ്ക്കുള്ള ഉത്തരം അവന്റെ ഭാര്യ തന്നെ ചോദിച്ചറിഞ്ഞ് ഫെലിസ്ത്യർക്കു പറഞ്ഞു കൊടുത്തതു നിമിത്തമായിരുന്നു ശിംശോൻ മുപ്പത് പേരെ കൊന്ന് തന്റെ കടം വീട്ടിയത്. അന്നു തിമ്നയിൽ നിന്നു സ്വന്തഭവനത്തിലേക്ക് മടങ്ങിയ ശിംശോൻ തന്റെ ഭാര്യ മറ്റൊരുവന്റെ ഭാര്യയായിത്തീർന്നതറിഞ്ഞ് തിരിച്ചെത്തി അസാധാരണമായൊരു ആക്രണമാണ് നടത്തിയത്. രണ്ടാമത് ഒരു വേശ്യാസ്ത്രീയുടെ അടുക്കലാണ് ശിംശോനെ നാം കാണുന്നത്. അന്നു അവിടെ നിന്നു രക്ഷപ്പെടേണ്ടതിന് പട്ടണവാതിലിന്റെ കതകും കട്ടളക്കാൽ രണ്ടും ഓടാമ്പലോടുകൂടെ പറിച്ചെടുത്ത് ചുമലിൽ വച്ച് മലമുകളിലേക്ക് കയറിപ്പോകുകയായിരുന്നു. (ന്യായാ. 16:1–3)

പിന്നീടാണ് ദെലീല എന്ന സ്ത്രീ അവന്റെ ജീവിതത്തിലേക്ക് കടന്നുവരുന്നത്. അവൾ നിയമപ്രകാരമുള്ള ഭാര്യയായിരുന്നോ എന്നു വ്യക്തമല്ല. ആദ്യ ഭാര്യയെപ്പോലെതന്നെ ദെലീലയും ഫെലിസ്ത്യർക്കു വേണ്ടി അവനെ ചതിക്കുകയായിരുന്നു. ശിംശോന്റെ മഹാശക്തിയുടെ

രഹസ്യമറിയുവാൻ നടത്തിയ മൂന്നു പരിശ്രമത്തിലും പരാജയപ്പെട്ട ശേഷം അവൾ പറയുന്നത് “ഈ മൂന്നു പ്രാവശ്യം നീ എന്നെ ചതിച്ചു; നിന്റെ മഹാശക്തി ഏതിൽ ആകുന്നു എന്ന് എനിക്കു പറഞ്ഞു തന്നില്ല” എന്നാണ് (ന്യായാ. 16:15) ഉൾമുറിയിൽ പതിയിരിപ്പുകാരെ പാർപ്പിച്ചു കൊണ്ട് ശിംശോനെ ബന്ധിക്കയും ഒതുക്കാൻ ശ്രമിക്കയും ചെയ്ത ദെലീലയെ അവൻ ശാസിക്കയോ, അവളാണ് തന്നെ ചതിച്ചതെന്ന് പറയുകയോ ചെയ്തില്ല. ശാരീരികമായി മഹാശക്തനായിരുന്ന ശിംശോൻ തന്റെ ഭാര്യമാരുടെ അടുക്കൽ ബലഹീനനായിരുന്നു. അവനെ ഉറക്കാനും ഒതുക്കാനും രഹസ്യം ചോർത്താനും അവർ ഇരുവരും അതിസമർത്ഥരായിരുന്നു.

ശിംശോന്റെ ദുരിതങ്ങൾക്കും അന്ത്യത്തിനും കാരണമായിത്തീർന്നത് ദെലീലയുടെ വ്യാജസ്നേഹവും ചതിയുമായിരുന്നു. അവളുടെ വഞ്ചനയാണ് അവനെ മരണത്തിലേക്ക് തള്ളിവിട്ടത്. തിമ്നക്കാരിയായ ആദ്യഭാര്യ ചതിച്ചപ്പോഴും അവൻ അവളെ ശാസിക്കയോ കുറ്റപ്പെടുത്തുകയോ ചെയ്തില്ല. ദെലീല മൂന്നു പ്രാവശ്യം ബന്ധിച്ചിട്ടും നാലാമതും അവളോടു സംസാരിക്കയും രഹസ്യം വെളിപ്പെടുത്തുകയും ചെയ്ത ശിംശോൻ മനഃപൂർവ്വം അവളുടെ ചതിയിൽ വീണുകൊടുക്കുകയായിരുന്നോ...? അവളുടെ ഉൾമുറിയിലെ പതിയിരുപ്പുകാരെക്കുറിച്ച് അവൻ ഒന്നും അറിഞ്ഞിരുന്നില്ലെന്നും കരുതാനാവുമോ? അറിഞ്ഞുകൊണ്ട് ചതിക്കപ്പെടുവാൻ അവൻ തന്നെത്താൻ ഏല്പിച്ചുകൊടുക്കുകയായിരുന്നില്ലേ? യിസ്രായേലിനു ഇരുപത് സംവത്സരം ന്യായപാലനം ചെയ്ത ശിംശോൻ സ്വഭവനത്തിലെ വ്യാജ സ്നേഹത്താൽ ബന്ധിക്കപ്പെട്ടവനായി മരിപ്പാൻ തക്കവണ്ണം വ്യസനപരവശനായിത്തീർന്ന് ചതിക്കപ്പെടുവാൻ നിന്നുകൊടുക്കുകയായിരുന്നു?! യൂദ പണസഞ്ചിയിൽ കൈയ്യിടുന്നവനാണെന്നറിഞ്ഞിട്ടും, അവൻ തന്നെ ഒറ്റിക്കൊടുക്കുമെന്നറിഞ്ഞിട്ടും യേശു അവനെ തള്ളിക്കളയാതെ, ശാസിച്ചമർത്താതെ തനിക്കൊപ്പം കൂട്ടി. അവന്റെ ഉള്ളിൽ ദുരുദ്ദേശ്യവും പതിയിരുപ്പുകാരും ഉണ്ടെന്നറിഞ്ഞിട്ടും അവനെ സ്നേഹിച്ചു. നമ്മുടെ ഉള്ളിലും യാതൊരു നന്മയും ഇല്ലെന്നറിഞ്ഞിട്ടും കർത്താവു നമ്മെ സ്നേഹിക്കുകയല്ലേ?

ദെലീലയുടെ ചതി ശിംശോന്റെ മരണത്തിന് കാരണമായിത്തീർന്നതുപോലെ നമ്മുടെ പാപവും യേശുവിന്റെ ക്രൂശുമരണത്തിനു കാരണമെന്നിരിക്കിലും യാതൊരു പരിഭവവും കാണിക്കാതെ പിന്നെയും നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുകയല്ലേ? ശിംശോൻ ദെലീലയുടെ ചതി തിരിച്ചറിഞ്ഞില്ലെന്നു നാം കരുതുമായിരിക്കും. എന്നാൽ

*ശേഷം പേജ് 12 കാണുക*

# ദൈവകൃപ ലഭിച്ച മറിയ

താൻ പ്രസവിച്ച മകനിലൂടെ പ്രസിദ്ധിയിലേക്കുയർന്നവളാണ് മറിയ. മറിയ എന്ന വനിതയുടെ വ്യക്തമാക്കപ്പെട്ട വ്യക്തിത്വത്തിലൂടെ ഒരു എത്തിനോട്ടമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

നിഗളികളോട് എതിർത്തു നില്ക്കുന്ന ദൈവം താഴ്മയുള്ളവർക്ക് കൃപ നല്കുന്നു. മറിയയുടെ താഴ്മയെയാണ് ദൈവം കടാക്ഷിച്ചത്. അഹങ്കാരം ലേശമില്ലാത്ത യേശുവിന്റെ അമ്മ എന്ന പേരിൽ നിഗളിക്കാത്ത ഒരുവനിതയെ ആണ് മറിയയിൽ കാണുന്നത്. ദൂതൻ പ്രത്യക്ഷമായതു മുതൽ പെന്തക്കോസ്തുനാളിലെ പ്രാർത്ഥനക്കൂട്ടത്തിൽ വരെ നിറഞ്ഞുനിന്ന മറിയ ഇന്നത്തെ സ്ത്രീകൾക്ക് ഒരു മാതൃകയാണ് – വിനയത്തിനും താഴ്മയ്ക്കും. ദൂതൻ പറഞ്ഞ ദൂതുകളെ ശരിയായി അവൾ കേട്ടു. ഇത് എങ്ങനെ സംഭവിക്കും? മറിയയുടെ ഈ ചോദ്യം; അവൾ ആ ദൂത് നന്നായി ശ്രദ്ധിച്ചിരുന്നുവെന്നതിന്റെ തെളിവാണ്. കേട്ട ദൂതിനെ അങ്ങനെ അവൾ വിശ്വസിച്ചു (ലൂക്കൊ. 1:45). മറിയയ്ക്ക് തന്റെ ദൈവത്തെ നന്നായി അറിയാമായിരുന്നു. ദൂതന്റെ വന്ദനം പരിഭ്രമം ഉളവാക്കി. പക്ഷെ ദൈവത്തിൽ നിന്നാണ് ദൂത് എന്ന് മനസ്സിലാക്കിയ മറിയ അത് അപ്പാടെ വിശ്വസിച്ചു. വിശ്വസിച്ച മറിയ ആ ദൂതിന്റെ നിവർത്തീകരണത്തിനായി തന്നെത്താൻ സമർപ്പിച്ചു.

ഇതാ! ഞാൻ കർത്താവിന്റെ ദാസി; മുമ്പിൽ രൂപപ്പെട്ടാവുന്ന പ്രതിസന്ധികളെക്കുറിച്ച് ആലോചിക്കാതെ മറ്റൊരു പുരുഷനെ വിവാഹം നിശ്ചയിക്കപ്പെട്ട കന്യകയായ മറിയ ദൈവഹിതത്തിനായി തന്നെ സമർപ്പിച്ചു. സ്വാഭാവികമായി സംഭവിക്കാത്തതും ചരിത്രത്തിൽ നടക്കാത്തതും നടക്കാനുള്ള മാനുഷിക സാദ്ധ്യതയില്ലാത്തതുമായതിനാണ് അവൾ വിശ്വസിച്ച് അർപ്പിച്ചത് (ലൂക്കൊ. 1:39) ബദ്ധപ്പെട്ടു ചെന്ന് മറിയയുടെ തിടുക്കം എലിസബത്തിനെ കാണുവാൻ. ദൈവപ്രവൃത്തി അനുഭവിച്ചവളുമായുള്ള കൂട്ടായ്മക്കു വേണ്ടി ദർശനം പങ്കുവെയ്ക്കുവാൻ കഴിയുന്ന സ്ഥലമാണ് ആത്മിക വളർച്ചയ്ക്കാവശ്യം. അതറിഞ്ഞ മറിയ മലനാട്ടിലെത്തി. അവിടുത്തെ അനുഭവങ്ങൾ മൂന്നു മാസത്തെ മറിയയിൽ ആത്മാവിന്റെ ശക്തി നിഴലിട്ട ദിവസങ്ങളായിരുന്നു. സംഭവങ്ങൾ അറിയുന്ന മറിയ അത് ഹൃദയത്തിൽ സംഗ്രഹിക്കയും ധ്യാനിക്കുകയും ചെയ്യുന്നു. (V:1:19)

കാനാവിലെ കല്യാണനാളിലെ ദൈവപ്രവൃത്തിയുടെ ആരംഭം മറിയയിൽ നിന്നായിരുന്നു. വീഞ്ഞ് പോരാതെവരികയാൽ മറിയ യേശു

വിനെ വിവരം അറിയിക്കുന്നു. അറിയിക്കേണ്ടത് അറിയിക്കുവാൻ മറിയയെ ദൈവകൃപ അഭ്യസിപ്പിച്ചിരുന്നു. കല്യാണവീട്ടിൽ മറിയ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു. ഈ വാക്കുകൾ തന്നെ മറിയയ്ക്കു ഏറ്റവും വേണ്ടപ്പെട്ട വീടായിരുന്നു അത് എന്ന് മനസ്സിലാക്കാം. വീഞ്ഞിന്റെ പോരായ്മ കല്യാണ ഭവനത്തെ മുഴുവൻ അറിയിച്ച് അതിൽ സന്തോഷിക്കാതെ യേശുവാരെന്ന് നന്നായി അറിയാവുന്ന മറിയ ആ ഭവനത്തിലെ പ്രശ്നത്തെ സ്വന്ത പ്രശ്നമായി കണ്ട് പരിഹാരം തേടുകയാണ് ചെയ്യുന്നത്.

യേശുവിന്റെ മറുപടിയിൽ പരിഭവിക്കാതെ ശരിയായി കൈകാര്യം ചെയ്യുവാൻ മറിയ തയ്യാറായി. യേശുവിനെ അറിയാത്ത ശുശ്രൂഷക്കാർക്ക് യേശുവിനെ പരിചയപ്പെടുത്തിയ വാക്കുകൾ. "അവൻ എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവിൻ". യേശുവിന്റെ വാക്കുകളുടെ ശക്തി മറിയ ശരിയായി അറിഞ്ഞിരുന്നുവെന്നതിന്റെ തെളിവാണ്. ആവശ്യക്കാരുടെ ആവശ്യബോധം ദൈവപ്രവൃത്തിയെ ത്വരിതപ്പെടുത്തുമെന്ന് മറിയയ്ക്കു അറിയാമായിരുന്നു. മറിയയുടെ വാക്കുകൾ കേട്ട് യേശു പറഞ്ഞത് അതേപടി അനുസരിക്കുന്ന ദാസന്മാരെ ശ്രദ്ധിക്കൂ. ആ ഭവനത്തിലെ വേണ്ടപ്പെട്ട വ്യക്തിയായിരുന്നു മറിയ. ആ ഭവനത്തിലെ ശുശ്രൂഷകന്മാർക്ക് മറിയയെ അറിയാം. "പൊട്ടച്ചൊല്ലും കളിവാക്കും" പറഞ്ഞു നടക്കുന്ന ഒരു സാധാരണ സ്ത്രീയുടെ സ്വഭാവമായിരുന്നില്ല മറിയയുടേത്. സംഗ്രഹിക്കേണ്ടതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച മറിയ കാര്യമാത്ര പ്രസക്തമായ കാര്യങ്ങളേ സംസാരിക്കൂ.

യേശുവിനെ അനുഗമിക്കുന്ന കൂട്ടത്തിലും, കല്ലറയ്ക്ക് അരികിലും മറിയയെ കാണാം. ഉയിർപ്പിനുശേഷം ഒരുമിച്ചു പ്രാർത്ഥിക്കുന്നവരുടെ മുൻനിരയിലും മറിയയെ കാണാം. യേശുവാരെന്ന് അറിഞ്ഞ മറിയ യേശുവിനെ അനുഗമിക്കുന്നതിൽ അലസ അല്ലായിരുന്നു. വിളക്കു കത്തിച്ച് പറയിൻ കീഴിലോ പാത്രത്തിനുള്ളിലോ, നിലവറയ്ക്കുള്ളിലോ, കട്ടിലിൻ കീഴിലോ വയ്ക്കുന്ന കൂട്ടത്തിലായിരുന്നില്ല മറിയ. അവളുടെ വിളക്ക് രാത്രിയിലും കെട്ടുപോയിരുന്നില്ല.

മറിയയുടെ മക്കളിൽ യാക്കോബും, യൂദായുമെല്ലാം ആദിമസഭയിലെ ശക്തരായ അഭിഷിക്തരായിരുന്നു. അവരിൽ മറിയയുടെ സ്വാധീനം കുറച്ചു കാണുവാൻ സാദ്ധ്യമല്ല.

സഹോദരിമാരേ, എല്ലാ തലമുറകളും മറിയയെ ഭാഗ്യവതിയായി വാഴ്ത്തുന്നത് വെറുതെയല്ലല്ലോ? മറിയയിൽ ഉദിച്ച ദൈവകൃപയാണ് കാരണം. രക്ഷാകരമായ ദൈവകൃപ. പ്രപഞ്ചമോഹവും ഭക്തികേടും വർജ്ജിച്ചിട്ട് നീതിയോടും സുബോധത്തോടും ദൈവഭക്തിയോടും കൂടി

*ശേഷം പേജ് 12 കാണുക*

# നിഴലുകൾ

അതികഠിനമായ ചൂടുള്ള ഒരു പകലിൽ പുറത്തിറങ്ങി നടക്കണമെങ്കിൽ മനുഷ്യന് നിഴലുകളെ ആശ്രയിക്കേണ്ടി വരും. അപ്പോൾ നാം തണലിനായി കുട ഉപയോഗിക്കുന്നു. അതുമല്ലെങ്കിൽ വൃക്ഷങ്ങളുടെ തണലിൽ നിന്നു ആശ്വാസം കണ്ടെത്തുന്നു. നാട്ടിൻപുറത്ത് ഈവിധമെങ്കിൽ മരുഭൂമിയിലെ ഗതിയെന്ത്? ലോകമാകുന്ന മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന യാത്രക്കാരാണ് ഓരോ മനുഷ്യനും. തണലിന്നായി മനുഷ്യരാശി നെട്ടോട്ടമോടുകയാണ്. ഈ ഓട്ടത്തിനിടയിൽ തണൽ നല്കുന്നത് ഏതാണോ അതിൽ മനുഷ്യൻ ആശ്രയം കണ്ടെത്തും. ദൈവമക്കൾ ദൈവത്തിന്റെ നിഴലിൽ ആശ്വാസം കണ്ടെത്തും. അത് യഥാർത്ഥ നിഴൽ. ദൈവം തന്നിൽ ആശ്രയിക്കുന്നവന് നിത്യസമാധാനം നല്കുന്നു. എന്നാൽ ലോകമനുഷ്യർ ആശ്രയിക്കുന്നത് വ്യാജ നിഴലിലാണ്. അത് താത്ക്കാലികമാണ്, മായയാണ്.

**വ്യാജനിഴലുകൾ**

മനുഷ്യൻ എത്തിപ്പിടിക്കുന്ന നിഴലുകളാണ് വ്യാജനിഴലുകൾ. അവയ്ക്ക് ശാശ്വതമായ ആശ്വാസം തരുവാൻ കഴികയില്ല. അവ ക്ഷണഭംഗുരമാണ്. അവയിൽ ആശ്രയിക്കുന്ന മനുഷ്യൻ അത് അറിയുന്നില്ല.. മനുഷ്യന്റെ ആരോഗ്യം, സൗന്ദര്യം, ഭൗതികനേട്ടങ്ങൾ എന്നിവയെല്ലാം വ്യാജ നിഴലുകളാണ്. ദൈവം യോനായുടെ തലയ്ക്കു തണലേകാൻ ഒരു ആവണക്കിനെ കല്പിച്ചാക്കിക്കൊടുത്തു. അവൻ അതിന്റെ നിഴലിൽ ആശ്വാസം കണ്ടെത്തി. അതു നല്കിയ ദൈവത്തേക്കാൾ യോനാ ആ ചെടിയെയാണ് ആശ്രയിച്ചത്. പക്ഷെ ദൈവം കല്പിച്ചാക്കിയ പുഴു അതിനെ തിന്നു കളഞ്ഞു. അതോടെ അവൻ ആശ്രയമായിക്കണ്ട തണലും നഷ്ടമായി. ഈ ലോകത്തിന്റെ നിഴലിൽ അഭയം കണ്ടെത്തുന്ന മനുഷ്യരൊക്കെയും യോനായെപ്പോലെ താത്ക്കാലിക സുഖങ്ങളിൽ സന്തോഷിക്കുന്നവരാണ്: ദാതാവിനെക്കാൾ ദാനത്തിൽ അഭയം കണ്ടെത്തുന്നവർ.

ദൈവം നമുക്കു നല്കിയ നല്ല ദാനമാണ് നമ്മുടെ ആരോഗ്യം. അതിൽ അഹങ്കരിച്ച് ചിലർ ചെയ്തുകൂട്ടുന്ന അകൃത്യങ്ങൾ ചില്ലറയല്ല. ആവണക്കു തിന്ന പുഴുവിനെപ്പോലെ ദൈവം അയയ്ക്കുന്ന ഒരു കീടാണു മതി അവന്റെ ആരോഗ്യത്തെ ഇല്ലാതാക്കാൻ. മനുഷ്യർ മദ്യപാനത്തിലൂടെയും മറ്റു ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിലൂ

ടെയും അവന്റെ ആരോഗ്യത്തെ പുഴുക്കുത്തലിനു വിധേയമാക്കുന്നു. ദൈവജനത്തെ നിന്ദിച്ച ഗോല്യാത്ത് തന്റെ കായബലത്തിൽ, ആയുധങ്ങളിൽ ആശ്രയിച്ചു, അഹങ്കരിച്ചു. എന്നാൽ ദൈവം ഒരു കൊച്ചു ബാലനായ ദാവീദിന്റെ കൈയിലെ ഒരു കല്ലുകൊണ്ട് അവനെ നിലം പരിചാക്കി, നീക്കിക്കളഞ്ഞു.

മറ്റൊരു വ്യാജനിഴലാണ് സൗന്ദര്യം. അതിനെയും പുഴുപോലെ ക്ഷയിപ്പിക്കുവാൻ ദൈവത്തിനു കഴിയും. അതു മനസ്സിലാക്കാതെ സൗന്ദര്യത്തിന്റെ വ്യാജനിഴലിൽ ഒളിക്കുവാൻ തുടങ്ങുന്ന അനേകരുടെ അനുഭവം വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അബ്ശാലോം, മിറിയാം, ദീനാ തുടങ്ങിയവർ ഈ വ്യാജ സങ്കേതത്തിൽ ആശ്രയിച്ചു പുഴുക്കുത്തലിനു വിധേയപ്പെട്ടവരത്രേ.

മാനവജാതിയുടെ ഇന്നു കാണുന്ന നേട്ടങ്ങളൊക്കെയും ദൈവത്തിൽ നിന്നു പകർന്നുകിട്ടിയ പരിജ്ഞാനത്തിൽ നിന്നും ഉടലെടുത്തതാണ്. കാരണം ദൈവം തന്റെ ജീവശ്വാസം നല്കിയാണ് മനുഷ്യനെ ജീവനുള്ള ദേഹിയാക്കിത്തീർത്തത്. ആയതിനാൽ ദൈവത്തിൽ നിന്നുള്ള പരിജ്ഞാനമാണ് മനുഷ്യനു ലഭിച്ചിരിക്കുന്നത്. ആധുനിക ജനത ഈ ജ്ഞാനത്താൽ ഉന്നതിയുടെ പരമശ്രേണിയിൽ എത്തിയിരിക്കുകയാണല്ലോ. എന്നാൽ മനുഷ്യർ അത് മനുഷ്യനന്മയ്ക്കു മാത്രമല്ല, ലോകജനതയുടെ നശീകരണത്തിനായും വിനിയോഗിക്കുന്നു. ദൈവം നമുക്കു ജ്ഞാനം നല്കിയിരിക്കുന്നത് ദൈവത്തെ അറിവാനും പരിജ്ഞാനത്തിൽ വളർന്ന് ദൈവത്തിനായി ജീവിക്കുവാനുമാണ്. അതു മനസ്സിലാക്കാതെ ജീവിക്കുന്നവർ പ്രശസ്തിയുടെ വ്യാജസങ്കേതത്തിൽ ആശ്രയിച്ച് തകർച്ചയുടെ പടുകുഴിയിൽ വീണു പോകുവാൻ ഇടയാകുന്നു. അത്തരത്തിൽ തകർന്നുപോയ ചിലരെ ബൈബിൾ കാട്ടിത്തരുന്നുണ്ട്. അവരിൽ പ്രധാന സ്ഥാനം അലങ്കരിക്കുന്ന രാജാക്കന്മാരാണ് നെബുഖദ്നേസറും ബൽശസ്സറും ഹെരോദാവും. നെബുഖദ്നേസർ ബുദ്ധി ഭ്രമം ബാധിച്ച് മൃഗങ്ങൾക്കൊപ്പം കാടുനീളെ അലഞ്ഞു. ബൽശസ്സർ തന്റെ പ്രതാപത്തിൽ നിഗളിച്ച് ദൈവത്തെയും ദൈവജനത്തെയും നിന്ദിച്ചു. ദൈവാലയത്തിലെ വിശുദ്ധ വസ്തുക്കളെ അശുദ്ധമാക്കിക്കളഞ്ഞു. ആ രാത്രിയിൽ തന്നെ അവൻ കൊല്ലപ്പെട്ടു. ഹെരോദാവ് തന്റെ പ്രതാപത്തിൽ അഹങ്കരിച്ച് ദേവതുല്യനായി ഭദ്രാസനത്തിൽ ഇരുന്നു ജനത്തോടു സംസാരിച്ചു. ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദമത്രേ എന്നു ജനം ആർത്തു. അവൻ ദൈവത്തിനു മഹത്വം കൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു. അവൻ കൃമിക്കു ഇരയായി പ്രാണനെ വിട്ടു (അപ്പൊ.12:21-23). ആഹാബു രാജാവും ഈസേബെലും തങ്ങളുടെ

പ്രതാപത്തിൽ അഹങ്കരിച്ച് ചതിയിലൂടെ രാജഭരണം അരങ്ങേറിയ രണ്ടു വ്യക്തികളാണ്. ദൈവകോപം അവരുടെ മേൽ വന്നു. യൗവന ത്തിൽതന്നെ ആഹാബ് കൊല്ലപ്പെട്ടു. ഈസേബെലിനുണ്ടായ ദാരുണാ ന്ത്യത്തിൽ അവളുടെ രക്തം നായ്ക്കൾ നക്കിക്കുടിച്ചു.

**ശാശ്വത നിഴൽ**

അഭയം പ്രാപിക്കാൻ കൊള്ളാകുന്ന നിഴലാണ് ദൈവത്തിന്റെ നിഴൽ. അത്യുന്നതന്റെ മറവിലും സർവ്വശക്തന്റെ നിഴലിൻ കീഴിലും പാർക്കുന്ന ഒരു ഭക്തനു ലഭിക്കുന്ന സംരക്ഷണമാണ് 91-ാം സങ്കീർത്ത നത്തിൽ വിവരിച്ചിരിക്കുന്നത്. അവിടെയത്രേ ശാശ്വത സമാധാനം ലഭി ക്കുന്നത്. ദൈവമാണ് നമ്മുടെ ഭദ്രതയുടെ അടിത്തറ. ദൈവം നമുക്കു വാഗ്ദത്തം ചെയ്തിരിക്കുന്ന ഭദ്രത ക്രിസ്തുവിലൂടെയുള്ള രക്ഷയും നിത്യജീവനുമാണ് (സങ്കീ.91:16).

ദൈവം തരുന്ന സങ്കേതം വരണ്ട നിലത്തു നീർത്തോടുകൾ പോലെയും ക്ഷീണമുള്ള ദേശത്ത് ഒരു വമ്പാറയുടെ തണൽപോലെ യും ഇരിക്കും (യെശ.32:2). ക്രിസ്തുവാകുന്ന പാറമേൽ അടിസ്ഥാന മുള്ള ഭവനം (ഭക്തന്റെ ഭവനം) പ്രതികൂലങ്ങളുടെയും അനുകൂലങ്ങളു ടെയും മദ്ധ്യത്തിൽ ഒരുപോലെ തന്നെ തണലേകുന്നതാണ്. അത് അത്യുഷ്ണത്തിൽ തണലും കൂരിരുട്ടിൽ വെളിച്ചവും നല്കുന്നു; മരു ഭൂയാത്രയിൽ യിസ്രായേൽ ജനത്തിനു ദൈവം പകൽ മേഘസ്തംഭ ത്തിലൂടെ തണലും രാത്രി അഗ്നിസ്തംഭത്തിലൂടെ വെളിച്ചവും നല്കി അവർക്കു മുമ്പായി നടന്നു. അനർത്ഥദിവസത്തിൽ ദൈവം തന്റെ കൂടാരത്തിൽ അവനെ ഒളിപ്പിക്കും. ശത്രു അവനെ പിടിക്കാതവണ്ണം ദൈവം തന്റെ ചിറകിന്റെ നിഴലിൽ അവനെ മറച്ചുകൊള്ളും. തന്റെ കൈയുടെ നിഴലിൽ അവനെ ഒളിപ്പിക്കും (യെശ.49:2). കഷ്ടതയുടെ നടുവിലും ദൈവത്തെ പാടി സ്തുതിക്കുവാൻ ഭക്തനെ ഒരുക്കുന്ന നിഴലാണിത്. പൗലൊസും ശീലാസും കാരാഗൃഹത്തിലും പ്രാർത്ഥിച്ച് ദൈവത്തെ പാടി സ്തുതിച്ചു. കാരാഗൃഹമുറി ആത്മാക്കളെ നേടുന്ന സ്ഥലമായി മാറി. മൊർദ്ദെഖായി യഹോവയുടെ ചിറകിൻ നിഴലിൽ ആശ്രയിച്ചതുകൊണ്ട് ശത്രുവായ ഹാമാനെക്കൊണ്ടുപോലും വന്ദി ക്കപ്പെടുവാൻ ഇടയായി. യഹോവയുടെ തണലിൽ വസിക്കുന്നവന്റെ പേര് ജീവപുസ്തകത്തിൽ എഴുതപ്പെടും. ദൈവത്തിലുള്ള ആശ്രയ ത്തിനനുസരണമായാണ് നിത്യതയിൽ വാസം ലഭിക്കുന്നത്.

സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെ ആലങ്കാരികമായി ചിത്രീകരിച്ചിരിക്കുന്ന ഗ്രന്ഥമാണല്ലോ ഉത്തമഗീതം. അതിൽ ശൂലമി എന്ന പെൺകുട്ടി സഭയെയും ഇടയബാലൻ ക്രിസ്തുവിനെയും പ്രതിനിധാനം ചെയ്യുന്നു. ശൂലമി പറയുന്നു: അതിന്റെ നിഴലിൽ ഞാൻ

അതിമോദത്തോടെ ഇരുന്നു; അതിന്റെ പഴം എന്റെ രുചിക്കു മധുരമായിരുന്നു (ഉത്തമഗീതം. 2:3). ഇവിടെ തണൽ നല്കുന്ന ഒരു വൃക്ഷത്തോടാണ് ശൂലമി തന്റെ പ്രിയനെ ഉപമിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ തന്റെ കാന്തനായ ക്രിസ്തുവിന്റെ തണലിലാണ് വസിക്കുന്നത്. തണൽ മാത്രമല്ല മാധുര്യമേറിയ പഴവും അതിൽനിന്നു ലഭിക്കുന്നു. കർത്താവിൽ അഭയം പ്രാപിക്കുന്ന ഒരു വ്യക്തിയുടെ ജീവിതം ആനന്ദപ്രദവും സന്തോഷപൂരിതവും ആശ്വാസ ദായകവും ആയിരിക്കും. അവനിൽ ക്രിസ്തുവിന്റെ ആത്മാവു വസിക്കുന്നതിനാൽ അവനിൽനിന്നും ആത്മഫലം പുറപ്പെടും. ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാ.5:22,23), ഇവ ഒന്നോടൊന്ന് ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ വസിച്ചാൽ മാത്രമേ ഫലം പുറപ്പെടുവിക്കാൻ സാധിക്കൂ. ഈ വിശിഷ്ഫലം ഭുജിക്കുവാൻ ഒരുനാൾ പ്രിയൻ വരും.

മനുഷ്യനിൽ ജഡത്തിന്റെ പ്രവൃത്തികളും ആത്മാവിന്റെ പ്രവൃത്തികളുമുണ്ട്. ജഡത്തിന്റെ പ്രവൃത്തികൾ മനുഷ്യന്റെ പുകഴ്ചയ്ക്കു കാരണമായേക്കാം. ഇന്ന് മനുഷ്യർ അധികവും ഇഷ്ടപ്പെടുന്നത് ഈ ലോകത്തിൽ അവർക്കു ലഭിക്കുന്ന പുകഴ്ചയാണ്. എന്നാൽ ആത്മാവിന്റെ പ്രവൃത്തികൾ ദൈവനാമമഹത്ത്വത്തിനിടയാക്കുന്നു. അതുകൊണ്ടു പ്രിയദൈവമക്കളേ അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്ന നാം എത്രയോ ഭാഗ്യമുള്ളവർ. അതിനായി ദൈവം നമ്മെ തിരഞ്ഞെടുത്ത കൃപയ്ക്കായി സ്തോത്രം ചെയ്യാം.

**ജോയമ്മ സാംസൺ, കൊല്ലം**

## Quest 97-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമൂവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. ജോളി ഷാജി, കരുവാറ്റ, അടൂർ
6. ലൈസ സാമുവേൽ, മുംബൈ
7. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
8. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
9. സൂസൻ തോമസ്, പട്ടം, തിരുവനന്തപുരം
10. സി.എം. മാമ്മൻ, കേന്ദ്രീയ, വിഹാർ, മുംബൈ
11. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി.
12. ഡെയ്സി ബിജോയ് ജോൺ, ഇടപ്പള്ളി, കൊച്ചി
13. എത്സി തോമസ്, മീൻതുള്ളി, കണ്ണൂർ
14. വിദ്യാ ബാബു, പാറോട്ടുകോണം തിരുവനന്തപുരം
15. ലീല കെ. വി. പുളിയ്ക്കൽ കവല, കോട്ടയം
16. വത്സ ഡി.എസ്., തിരുവനന്തപുരം
17. ബിന്ദു സി.എസ്., വഞ്ചിയൂർ, തിരുവനന്തപുരം

18. എൽസമ്മ പീറ്റർ, വാളയാർ, പാലക്കാട്
19. സുമ റെജി, ത്രിക്കണ്ണമംഗൽ, കൊട്ടാരക്കര
20. ജോളി എബ്രഹാം, കാട്ടുമുണ്ട, മലപ്പുറം

**ക്വെസ്റ്റ് 97-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ ക്വിസ് മാസ്റ്റർ**

### *പേജ് 7 ന്റെ തുടർച്ച (ദൈവകൃപ ലഭിച്ച മറിയ)*

ജീവിക്കുവാൻ അഭ്യസിപ്പിക്കുന്ന ദൈവകൃപ. ആ ദൈവകൃപ എല്ലാ സഹോദരിമാരിലും ഉദിച്ചെങ്കിൽ വെള്ളത്തിലെ കുമിളപോലുള്ള ഈ ലോകസുഖങ്ങളിൽ, പദവികളിൽ അഹങ്കരിക്കാതെ താഴ്മയോടും വിനയത്തോടും നമുക്ക് ദൈവത്തോട് അടുത്തു ചെല്ലാം. ദൈവത്തെ ദൈവവചനത്തെ നന്നായി കേൾക്കുന്നവരാകാം. കേൾക്കുന്നതിനെ വിശ്വസിക്കുന്നവരാകാം. വിശ്വസിക്കുന്നതിനായി സ്വജീവിതത്തെ അർപ്പിക്കുന്നവരായിത്തീരാം. ഇരുണ്ട ലോകത്തിന് അറുതി വരുത്തിയ യേശുവിനെ ലോകത്തിനു നല്കിയ മറിയയെപ്പോലെ ഇന്നത്തെ ഇരുട്ടുമാറുവാൻ യേശുവിനെ നമുക്ക് ലോകത്തിന് നല്കാം.

മറിയ യോസേഫിനു നല്ല ഭാര്യയായിരുന്നു. മക്കൾക്ക് നല്ലൊരു മാതാവായിരുന്നു. ക്രിസ്തുവിന് നല്ല അനുയായി ആയിരുന്നു. മറിയ നമുക്ക് നല്ലൊരു മാതൃകയാണ്.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

---

### *പേജ് 5 ന്റെ തുടർച്ച (വഞ്ചിക്കപ്പെടുവാൻ...)*

കർത്താവു നമ്മുടെ സാക്ഷാൽ സ്വഭാവം അറിഞ്ഞുകൊണ്ടുതന്നെയാണ് നമ്മെ സ്നേഹിച്ചത്. ഇന്നും നമ്മുടെ ഉള്ളിലെ സകല ദുഷ്ടചിന്തകളും പാപ സ്വഭാവവും ലോക സ്നേഹവും അറിഞ്ഞു കൊണ്ടു തന്നെ നമ്മെ സ്നേഹിക്കുന്നു! സ്നേഹിക്കുന്ന തന്റെ ഭർത്താവിനെ ചതിച്ച ദെലീലക്ക് ഒരിക്കലെങ്കിലും തന്റെ പ്രവൃത്തിയിൽ ലജ്ജയും അപമാനവും കുറ്റബോധവും തോന്നിയിട്ടുണ്ടാകുമോ? അതോ ലഭിച്ച പണത്തിൽ സന്തുഷ്ടയായി അവൾ ശിഷ്ടകാലം ജീവിച്ചിട്ടുണ്ടാകുമോ? സ്നേഹസമ്പന്നനായ നമ്മുടെ കർത്താവിന്റെ ഇഷ്ടത്തിനു വിരോധമായി ലോകസ്നേഹത്തിൽ മുഴുകുന്ന നമുക്കു ലജ്ജ തോന്നേണ്ട കാലം അതിക്രമിച്ചിരിക്കുകയല്ലേ? ഉള്ളിൽ ദുരുദ്ദേശ്യങ്ങളും ചതിയും വഞ്ചനയുമായ പതിയിരുപ്പുകാരെ പാർപ്പിച്ചുകൊണ്ട് ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരാകാതെ, നിർവ്യാജ സ്നേഹത്തോടും കറകളഞ്ഞ ഭക്തിയോടും കൂടെ കർത്താവിനെ സ്നേഹിക്കാം, സേവിക്കാം. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

# യാക്കോബിന്റെ ഉപായങ്ങളിൽ പങ്കാളിയായ റിബേക്ക

മക്കളുടെ വളർച്ചയിലും സ്വഭാവരൂപീകരണത്തിലും അമ്മമാർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ശൈശവത്തിലും ബാല്യത്തിലും പിതാവിനെക്കാൾ കൂടുതൽ സമയം മാതാവിനോടൊപ്പം കഴിയുന്നതു തന്നെ മാതാവിനോടുള്ള അറ്റാച്ച്മെന്റ് കൂടാൻ കാരണമാകുന്നു. അല്ലെങ്കിൽ തന്നെ ശിശുവിന്റെ പൊക്കിൾകൊടി ബന്ധം അമ്മയോട് ആണല്ലോ.

വിശുദ്ധ ബൈബിളിലെ സ്ത്രീ കഥാപാത്രങ്ങളിൽ പ്രമുഖമായൊരു സ്ഥാനം യിസ്ഹാക്കിന്റെ ധർമ്മപത്നിയായ റിബേക്കയ്ക്കുണ്ട്. യിസ്രായേൽ ഗോത്രങ്ങളുടെ മാതാമഹിയാണ് റിബേക്ക. യിസ്രായേൽ ഗൃഹം പണിതവർ എന്ന പദവി റാഹേലിനും ലേയയ്ക്കും ഉണ്ടെങ്കിലും അബ്രഹാം യിസ്ഹാക്ക് യാക്കോബ് എന്ന വംശാവലിയിൽ സാറയ്ക്ക് തൊട്ടടുത്താണ് റിബേക്ക എണ്ണപ്പെടുന്നത്. റിബേക്കയെ സഭയോട് ഉപമിച്ച് പ്രസംഗിക്കുന്ന പതിവുണ്ടായിരുന്നു.

എബ്രായരുടെ വംശാവലിയിൽ ആദ്യജാതന്മാരാണ് എണ്ണപ്പെടുന്നത്. എന്നാൽ ഇവിടെ യിസ്ഹാക്കിന്റെ ആദ്യജാതനായ ഏശാവിനു പകരം രണ്ടാമനായ യാക്കോബ് വംശാവലിയിൽ കടന്നുവരുന്നതിന് ദൈവശാസ്ത്രപരമായ വിശദീകരണമുണ്ടെങ്കിലും ഏശാവ് ജേഷ്ഠാവകാശം വിറ്റു എന്ന ന്യായീകരണം ഉണ്ടെങ്കിലും ജ്യേഷ്ഠനെ മറികടന്നുള്ള അനുജന്റെ ഉയർച്ചയിൽ അമ്മയുടെ കൈകടത്തൽ ദൃശ്യമാകുന്നുണ്ട്. മരണാസന്നനായ വൃദ്ധപിതാവിന്റെ അനുഗ്രഹം കേവലം തലയിൽ കൈവച്ചുള്ള അനുഗ്രഹമല്ലെന്നും പിതൃത്വത്തിലെ സ്ഥാവര ജംഗമസ്വത്തുക്കളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്ന വിൽപ്പത്ര കൈമാറ്റമാണെന്നും അറിയുമ്പോഴാണ് അനുഗ്രഹത്തിന്റെ വില അറിയുന്നത്. അനുജൻ ഉപായത്താൽ അനുഗ്രഹം വാങ്ങിക്കഴിഞ്ഞു എന്നറിയുന്ന ഏശാവ് ഉറക്കെ കരഞ്ഞുകൊണ്ട് എനിക്കായി ഒരനുഗ്രഹവും കരുതി വച്ചിട്ടില്ലയോ എന്ന് പിതാവിനോട് ചോദിക്കുന്ന ചോദ്യം ഹൃദയഭേദകമാണ്. ഏശാവിന്റെ പൊട്ടിക്കരച്ചിൽ അമ്മയിൽ ഒരു ചലനവും ഉണ്ടാക്കിയതായി കാണുന്നില്ല. ഏശാവിന്റെ ഭാര്യമാർ വിജാതീയ സ്ത്രീകളായിരുന്നതിന്റെ അമർഷം റിബേക്ക യിസഹാക്കിനോട് പങ്കുവയ്ക്കുന്നുണ്ട്.

ജ്യേഷ്ഠാവകാശം തട്ടിയെടുക്കുന്നതിൽ യാക്കോബ് തന്റെ ജന്മ

സ്വഭാവം പ്രയോഗിക്കുകയായിരുന്നെങ്കിൽ അനുഗ്രഹം കവർന്നെടുക്കുന്നതിൽ തന്ത്രം മെനഞ്ഞത് റിബേക്കയായിരുന്നു. അനന്തരം യാക്കോബ് സ്വഭവനം വിട്ട് ഓടിപ്പോകേണ്ടിവരുന്നു. കാലം കുറെ കഴിഞ്ഞപ്പോൾ യാക്കോബ് ചതിക്കപ്പെടുന്നത് കാണാം. ആദ്യം വിവാഹത്തിന്റെ കാര്യത്തിലും അതുകഴിഞ്ഞ് ഓഹരി പങ്കുവയ്ക്കുന്ന കാര്യത്തിൽ താൻ പത്തുപ്രാവശ്യം വഞ്ചിക്കപ്പെട്ടതായി യാക്കോബ് ഭാര്യാസഹോദരനോട് പറഞ്ഞു പരിതപിക്കുന്നു. 'കൊടുത്താൽ കൊല്ലത്തും കിട്ടും' എന്ന പഴഞ്ചൊല്ല് അനുസ്മരിപ്പിക്കും വിധമാണ് യാക്കോബിന്റെ അനുഭവങ്ങൾ.

ആടുമാടുകളും അനേകം ദാസീദാസന്മാരും പുത്രകളത്രാദികളും അടങ്ങുന്ന വലിയൊരു സംഘമായി അതിസമ്പന്നനായി യാക്കോബ് യബോക് കടവ് കടന്നു ഭയചകിതനായി മുടന്തി മുടന്തി സ്വന്തഭവനത്തിൽ മടങ്ങി എത്തുമ്പോൾ സ്വീകരിക്കാൻ റിബേക്കാമ്മച്ചി ജീവിച്ചിരിപ്പില്ലായിരുന്നു.

ഉപായത്തിലൂടെ അനുഗ്രഹം വാങ്ങിയത് കുടുംബ ത്തിൽ കലഹത്തിനും കാരണമായപ്പോൾ താൽക്കാലിക പരിഹാരത്തി നായി അമ്മാവന്റെ വീട്ടിലേക്ക് യാക്കോബിനെ പറഞ്ഞയച്ച റിബേക്ക പിന്നെ യാക്കോബിനെ കണ്ടിട്ടില്ല. മക്കളെ ഒരുപോലെ സ്നേഹിക്കാൻ എല്ലാ മാതാപിതാക്കൾക്കും കഴിഞ്ഞെന്നു വരില്ല. സ്നേഹം പങ്കുവയ്ക്കുമ്പോൾ ഉള്ളിന്റെ ഉള്ളിലെ കോണിൽ അല്പം ഏറ്റക്കുറവ് ഉണ്ടായെന്നു വരാം. അത് പുറത്തു കാട്ടാതെ മക്കളെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കാൻ കഴിയണം. മക്കളുടെ തലമുറകളിലേക്ക് നീളുന്ന കുടിപ്പക ഒഴിവാക്കാൻ ഇത് ഉപകരിക്കും.

യാക്കോബ് തന്റെ മക്കളിൽ ജോസഫിനെ കൂടുതൽ സ്നേഹിച്ചത് സഹോദരന്മാർക്ക് അവനോട് ശത്രുതയുണ്ടാകാൻ കാരണമായി. അതുപോലെ സ്വത്ത് വീതം വയ്ക്കുമ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട് അപ്പന്റെ സ്വത്തിന് പെൺമക്കളും തുല്യ അവകാശികൾ ആണെന്ന് കോടതി വിധി വരുംവരെ കാത്തിരിക്കേണ്ടി വന്നത് ചരിത്രമാണ്.

'ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ' എന്ന് കർത്താവ് പറഞ്ഞതു പോലെ ഗൃഹഭരണത്തിൽ അമ്മമാർ യിസഹാക്കിന്റെ ഭാര്യയെ ഓർക്കു ന്നത് കൊള്ളാം.

**മേഴ്സി മോനിക്സ് അമ്മാൾ, കോട്ടയം**

# നിക്ഷേപം

യഹോവാഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവെച്ചിരിക്കുന്നു. ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു നിക്ഷേപം ആയിരിക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ഒരു മനുഷ്യൻ തനിക്ക് ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതു പോലെ ഞാൻ അവരെ ആദരിക്കും (മലാഖി 3:16,17).

എസ്ഥേറിന്റെ പുസ്തകം പരിശോധിക്കുമ്പോൾ അഹശ്വേരോശ് രാജാവിനെ കൈയേറ്റം ചെയ്യുവാൻ ശ്രമിച്ച ഉമ്മര പടികാവൽക്കാരായ ബിഗ്ഥാൻ, തേരെശ് എന്ന ഷണ്ഡന്മാരെക്കുറിച്ച് അറിവ് കൊടുത്ത മൊർദ്ദെഖായിയെക്കുറിച്ച് ദിനവൃത്താന്ത പുസ്തകത്തിൽ എഴുതി ചേർത്തിരുന്നതുകൊണ്ട് ദീർഘകാലങ്ങൾക്ക് ശേഷം. രാജാവ് ഉറക്കം വരാത്ത ഒരു രാത്രിയിൽ ദിനവൃത്താന്തപുസ്തകം പരിശോധിക്കുകയും മൊർദ്ദെഖായി ചെയ്ത ആ കാര്യം ഓർക്കുകയും മൊർദ്ദെഖായിക്ക് വലിയ ബഹുമാനവും പദവിയും നല്കുകയും ചെയ്തു.

ദൈവത്തിന്റെ വിശുദ്ധന്മാരായിരിക്കുന്ന നമുക്കും ദൈവസന്നിധിയിൽ ഒരു സ്മരണപുസ്തകം ഉണ്ട്. നമ്മെക്കുറിച്ച് എന്തായിരിക്കും. പുസ്തകത്തിൽ കർത്താവ് എഴുതിച്ചേർക്കുന്നത്. ഓരോ മക്കളെക്കുറിച്ച് ദൈവത്തിന് ഓരോ പദ്ധതിയുണ്ട്. തങ്ങളെക്കുറിച്ചുള്ള യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കി നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ശുശ്രൂഷ എന്തെന്ന് തിരിച്ചറിഞ്ഞ് അതിനായി പ്രവർത്തിക്കണം. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളവരേ നിങ്ങൾ എന്റെ അരികിൽ വരുവിൻ. എന്റെ ചുമടു ലഘുവും എന്റെ നുകം മൃദുവും ആണ്.

മൃദുവായ നുകം ഏറ്റു ലഘുവായ ചുമടുവഹിച്ചു കർത്താവിൽ നിന്നും പഠിച്ച് ക്രിസ്തീയ ജീവിതം നയിക്കുമ്പോൾ ഇതാകുന്നു വഴി ഇതിലെ നടന്നുകൊൾവിൻ എന്ന ഇമ്പസ്വരം കേൾക്കാം. കർത്താവിന്റെ ചുവടുകൾ പതിഞ്ഞിടം നോക്കി യാത്ര ചെയ്യുമ്പോൾ അന്ധകാരത്തിൽ കിടക്കുന്നവരെ അത്ഭുതപ്രകാശത്തിലേക്ക് നയിക്കുവാനും അവരുടെ മുറിവുകളെ കെട്ടുവാനും മനസ്സ് തകർന്നിരിക്കുന്നവർക്ക് ഒരാശ്വാസമായിത്തീരുകയും ചെയ്യും. ഇങ്ങനെ കർത്താവിന്റെ സൗരഭ്യ വാസന പരത്തിക്കൊണ്ട് ജ്യോതിസ്സുകളെ പോലെ അന്ധകാരത്തിൽ പ്രകാശിക്കാൻ നമുക്ക് കഴിയും. സ്വർഗ്ഗീയ സമാധാനംകൊണ്ട് നിറയുകയും

സമാധാനം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും ഇടയാകും. ആ യാത്രയിൽ ചില പ്രതിസന്ധികളും പ്രയാസങ്ങളും വന്നേക്കാം എന്നാൽ ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട് ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു എന്നു പറഞ്ഞ് കർത്താവ് നമ്മുടെ കൂടെയുണ്ടായിരിക്കും. സ്വർഗ്ഗത്തിൽ സ്ഥിരമായിരിക്കുന്ന വചനം ഒരു വള്ളിയെങ്കിലും പുള്ളി എങ്കിലും ഒഴിഞ്ഞുപോകയില്ല. അതുകൊണ്ട് വചനം വേണ്ടവിധത്തിൽ പഠിക്കുകയും അത് പ്രാവർത്തികമാക്കി ദൈവം നമ്മെ ഏല്പിച്ച ശുശ്രൂഷ നിവർത്തിച്ചുകൊണ്ട് നിത്യതയിൽ ചെല്ലുമ്പോൾ വിശ്വസ്തദാസി എന്ന വിളി കേൾക്കാം.

ഈ ഭൂമിയിലെ നമ്മുടെ ജീവിതം അല്പകാലത്തേക്ക് മാത്രമുള്ളതാണ്. മണ്ണിൽ നിന്നെടുത്ത മൺകൂരയിൽ പാർത്തു ചതഞ്ഞ് അരഞ്ഞ് പോകുന്ന ഒരു പുഴുവിനു സമമാണ് നമ്മുടെ ആയുസ്സ്. അതെങ്ങനെ നാം ചെലവിടുന്നു എന്ന് ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ തങ്ങൾക്ക് ലഭിച്ച വിലപ്പെട്ട ജീവിതം തിന്നും കുടിച്ചും സുഖലോലുപതയിൽ ജീവിച്ച് രോഗികളായി കഴിയുമ്പോൾ ദൈവം തങ്ങൾക്ക് നല്കിയ വിലയേറിയ അവസരങ്ങൾ നഷ്ടപ്പെട്ടത് ഓർത്ത് ദുഃഖിക്കുകയും ആ സമയങ്ങളിൽ എന്തെല്ലാം ചെയ്യാമായിരുന്നു എന്നോർത്ത് വേദനിക്കുകയും ചെയ്യുന്നു. എന്നാൽ അനേക ഭക്തരായ വിശുദ്ധന്മാർ കർത്താവിന്റെ കല്പന ശിരസ്സാവഹിച്ചുകൊണ്ട് അഹോരാത്രം പ്രവർത്തിച്ച് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടവരും, ശുശ്രൂഷയിൽ തുടരുന്നവരും, രോഗശയ്യയിൽ ആയിരിക്കുന്നവരും ഉണ്ട്. തങ്ങൾക്ക് കർത്താവ് നല്കിയ അവസരം പ്രയോജനപ്പെടുത്തിയത് ഓർത്ത് കർത്താവിന് നന്ദി കരേറ്റുവാനും ഇനിയുള്ള കാലം കർത്താവ് സൗഖ്യം തന്നാലും തന്നില്ലെങ്കിലും, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കുള്ളവരായിത്തീരുന്നു എന്നോർത്ത് ദൈവത്തെ മഹത്ത്വപ്പെടുത്താൻ കഴിയും.

പ്രിയ ദൈവമക്കളേ സമയം തക്കത്തിൽ ഉപയോഗിക്കണം. ഓരോ നിമിഷവും വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് ദൈവത്തിനു പ്രസാദമുള്ള ജീവിതം നയിക്കേണ്ടതുണ്ട്. എന്നാൽ നിത്യതയിൽ കർത്താവിന് നാം ഒരു നിക്ഷേപം ആയിരിക്കും. അന്ന് നിന്റെ ജനം, പുസ്തകത്തിൽ പേര് എഴുതിക്കാണുന്ന ഏവനും തന്നെ, രക്ഷ പ്രാപിക്കും. എന്നാൽ ബുദ്ധിമാന്മാർ ആകാശ മണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും. ദാനീയേൽ 12:3. നമുക്ക് ദൈവം തന്നിരിക്കുന്ന ആയുസ്സ് കർത്താവിനോടുള്ള ഭയഭക്തി ബഹുമാനത്തോടെ ദൈവസന്നിധിയിൽ സമർപ്പിച്ചു മുന്നോട്ടുപോകാൻ കർത്താവ് കൃപ ചെയ്യുമാറാകട്ടെ. ദൈവനാമത്തിനു മഹത്ത്വം ഉണ്ടാകട്ടെ.

**മഹേശ്വരി പുരന്ദരൻ**

# മനസ്സു പുതുക്കി രൂപാന്തരപ്പെടുക

ദൈവമക്കൾ ഈ ലോകത്തോടനുരൂപരാകാൻ പാടില്ല. ദിനം തോറും മനസ്സുപുതുക്കി രൂപാന്തരപ്പെട്ടുവേണം ജീവിക്കുവാൻ. അതിനുള്ള ചില ന്യായപ്രമാണങ്ങൾ തിരുവചനത്തിൽ നല്കിയിട്ടുണ്ട്. കൃപയാലെ വിശ്വാസം മൂലം ദൈവമക്കളായി വീണ്ടും ജനിച്ചവർ മാനസാന്തരം പ്രാപിച്ചവരാകുന്നു. തുടർന്നുള്ള ജീവിതം ദൈവഹിതപ്രകാരം ആയിരിക്കണം എന്ന് പിതാവു നല്കുന്ന നിർദ്ദേശങ്ങൾ തിരുവചനത്തിൽ റോമാലേഖനം 12-ാം അദ്ധ്യായം പാലിക്കുവാൻ നാം ബാദ്ധ്യസ്ഥരാകുന്നു.

ആദ്യമായി തങ്ങളുടെ ശരീരങ്ങളെ ജീവനും, വിശുദ്ധിയും, ദൈവത്തിനുപ്രസാദവുമുള്ള യാഗമായി അർപ്പിക്കുക. ഇതു ദിനം തോറും ചെയ്യേണ്ടതാകുന്നു. എങ്കിൽ മാത്രമേ മനസ്സുപുതുക്കി രൂപാന്തരപ്പെടുവാൻ സാധിക്കയുള്ളൂ. മനസ്സു പുതുക്കി രൂപാന്തരം പ്രാപിക്കാതെ ഈ ലോകത്തോടനുരൂപരാകാതിരിപ്പാൻ സാദ്ധ്യമല്ല. ദൈവമക്കൾ ഈ ലോകത്തിൽ ജീവിക്കുമ്പോൾ ലോകമനുഷ്യരെ പ്പോലെ ജീവിക്കുവാൻ ദൈവം അനുവദിച്ചിട്ടില്ല. തീയതിനെ വെറുത്ത് നല്ലതിനോടു പറ്റിചേർന്നു ജീവിക്കുവാൻ സാധിക്കണമെങ്കിൽ മനസ്സുപുതുക്കി രൂപാന്തരപ്പെട്ടുകൊണ്ട് ഇരിക്കേണ്ടിയിരിക്കുന്നു. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിക്കുന്ന ദൈവമക്കൾ അനുഷ്ഠിക്കേണ്ട മൂന്നു പ്രധാന നിയമങ്ങൾ നോക്കാം. (റോമർ 12:12-13).

**ആശയിൽ സന്തോഷിക്കുക. (Be Joyful in hope)**

ദൈവമക്കൾ ഭാഗ്യകരമായ പ്രത്യാശയുള്ളവരാകുന്നു. നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും, നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചു പോരേണ്ടതിന്ന് കർശനമായ ശിക്ഷണങ്ങൾ പിതാവു നല്കിക്കൊണ്ടിരിക്കുന്നതു പാലിക്കുമ്പോൾ ലഭിക്കുന്ന സന്തോഷമാകുന്നു "ആശയിൽ സന്തോഷിക്കുക" എന്നത്. (തീത്തോ.2:12) ദൈവമക്കൾ കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവരായിരിക്കുന്നതിന്റെ രഹസ്യം അതുതന്നെ ആകുന്നു. അവരുടെ പ്രത്യാശ നിത്യതയേക്കുറിച്ചാകുന്നു.

**കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ:**

ദൈവമക്കൾക്ക് ഈ ലോകത്തിൽ കഷ്ടമുണ്ട് എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. "എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്നരുളിച്ചെയ്ത കർത്താവു നമ്മോടുകൂടെ ഉള്ളതുകൊണ്ട് ദൈവമക്കൾ കഷ്ടതകളിൽ സഹിഷ്ണുതയുള്ള ജയജീവിതം നയിക്കുന്നു. "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവമുണ്ടാകും" (2 തിമൊ. 3:12) എന്ന മുന്നറിയിപ്പുള്ളതുകൊണ്ട് ദൈവമക്കൾ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അതു അശ്ശേഷം സന്തോഷം എന്നെണ്ണി സഹിഷ്ണുതയോടെ ജീവിക്കുന്നു, പ്രത്യാശയോടെ ജീവിക്കുന്നു.

**പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ:**

ക്രിസ്തുയേശുവിന്റെ തേജസ്സേറിയ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്ന ദൈവമക്കൾ ഈ ലോകത്തിലെ ഉപദ്രവങ്ങളും കഷ്ടതകളും സാരമില്ല എന്നെണ്ണി കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവരായിരിക്കുന്നത് അവർ ഇടവിടാതെ പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവരാകുന്നു എന്നതാകുന്നു. പ്രാർത്ഥന എന്താകുന്നു എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. കേവലം നാം യാചനയല്ല പ്രാർത്ഥന. ദൈവവുമായുള്ള നിരന്തര കൂട്ടായ്മയാകുന്നു പ്രാർത്ഥന. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലെ ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച ദൈവമക്കൾ പിതാവുമായുള്ള നിരന്തരം കൂട്ടായ്മയിലായിരിക്കണമെന്ന് ദൈവത്തിനു നിർബ്ബന്ധമുണ്ട്. പ്രാർത്ഥന ഒരു യാഗമാകുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മ സഹായത്താൽ പിതാവായ ദൈവത്തിന് നമ്മേത്തന്നെ യാഗമായി അർപ്പിക്കുമ്പോൾ പിതാവു പ്രസാദിക്കുന്നു. നമുക്കു ലഭിച്ച ദൈവകൃപ ഓർക്കുമ്പോൾ നാം ദൈവത്തിനു നമ്മുടെ അധരഫലമാകുന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുന്നതാകുന്നു പ്രാർത്ഥന അഥവാ സ്തുതി സ്തോത്രയാഗമർപ്പിക്കാതെ നമ്മുടെ ആവശ്യങ്ങൾ എങ്ങനെ "സ്തോത്രത്തോടെ ദൈവത്തെ അറിയിക്കും"? (ഫിലി 4:6) "വിശുദ്ധന്മാരുടെ പ്രാർത്ഥന ഒരു ധൂപവർഗ്ഗമായി ദൈവസന്നിധിയിലെത്തുന്നത് സൗരഭ്യവാസനയായ യാഗമായിട്ടാകുന്നു" (വെളി. 8:34). പ്രാർത്ഥനയ്ക്കായി നാം ദൈവതിരുനിവാസത്തിൽ മുട്ടുകുത്തുമ്പോൾ നമ്മുടെ ഹൃദയങ്ങൾ ശുദ്ധമായിരിക്കണം. "ഹൃദയത്തിൽ ഏതെങ്കിലും അകൃത്യങ്ങൾ മറച്ചുവെച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ ദൈവം പ്രസാദിക്കയില്ല". (സങ്കീ. 66:18). "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളേത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ അവരുടെ പാപം ക്ഷമിച്ച് ഉത്തരമരുളും" (2 ദിന. 7:14). ഇതു ദൈവകല്പനയാകുന്നു.

*ശേഷം പേജ് 29 കാണുക*

# രാജധാനിയിൽ കിട്ടിയ ചുംബനം

ഹൗറാ ന്യൂഡൽഹി രാജധാനി എക്സ്പ്രസ് ഇന്ത്യൻ റെയിൽവേയുടെ അഭിമാനകരമായ സർവ്വീസാണ്. എന്നാൽ ജീവിതത്തിന്റെ ലക്ഷ്യവും ശൈലിയും മാറിയതിനുശേഷമുള്ള പ്രഥമയാത്രയായിരുന്നു അത്. കൽക്കരിയുടെ ഖജനാവായ അസൻസോളിൽ കൂടി അലറിക്കൊണ്ട് പായുന്ന തീവണ്ടിയിലിരുന്നുകൊണ്ട് ഞാൻ ജനാലച്ചില്ലുകൾക്കിടയിലൂടെ നോക്കി. പ്ലാറ്റുഫോമിൽനിന്ന് പച്ചവിളക്കുകൾ കാണിക്കുന്ന യാത്രാനുമതി അതിവേഗം മിന്നി മറയുന്നതു കാണാം.

എട്ടര മണിയായപ്പോൾ അത്താഴം വന്നുചേർന്നു. രുചികരമായ ചിക്കൻ പുലാവ് ഭക്ഷണം കഴിഞ്ഞപ്പോഴാണ് എന്റെ ഇടതുവശത്തിരുന്ന സഹയാത്രികനെ ഞാൻ ശ്രദ്ധിച്ചത്. അയാൾ പെട്ടി തുറന്ന് പച്ച ബയന്റുള്ള ഒരു പുതിയനിയമം വായിക്കുന്നു. ഗിദയോൻ സംഘടന വിതരണം ചെയ്തതാണെന്ന് വേഗം തന്നെ മനസ്സിലാക്കി. സഹയാത്രികനറിയാതെ ഞാൻ ആ പേജിലേക്ക് കണ്ണോടിച്ചു. ലൂക്കൊസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിലാണദ്ദേഹത്തിന്റെ ദൃഷ്ടി എന്നും മനസ്സിലാക്കി. 10 മിനിട്ട് പുതിയനിയമം വായിച്ചശേഷം ആ യൗവ്വനക്കാരൻ കണ്ണുകളടച്ച് തലകുനിച്ച് പ്രാർത്ഥിക്കുന്നതും ഞാൻ കണ്ടു. ഈ യൗവ്വനക്കാരനെ തീർച്ചയായും പരിചയപ്പെടണം, അടുത്തിടപഴകണം, എന്ന് ഞാൻ തീരുമാനിച്ചു. ഞാൻ സീറ്റിൽനിന്നും എഴുന്നേറ്റു. ബാത്ത്റൂമിൽ പോയി മടങ്ങിവരുമ്പോഴാണ് അദ്ദേഹം എന്നെ ശ്രദ്ധിച്ചതെന്നു തോന്നി എന്റെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കിയിട്ട് ചോദിച്ചു, 'ക്ഷമിക്കണം സാറേ, നിങ്ങൾ കുഞ്ഞുമോൻ ചാക്കോ ആകുന്നുവോ' നല്ല സരളമായ ഇംഗ്ലീഷിൽ അയാൾ. 'എന്റെ പേര് കുമാർ.'

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

'അതെ ഞാൻ തന്നെ' എന്ന് മറുപടി പറഞ്ഞപ്പോൾ ആ യൗവ്വനക്കാരൻ എഴുന്നേറ്റ് എന്നെ കെട്ടിപ്പിടിച്ച് രണ്ടു കവിളത്തും ഓരോ ചുംബനം നല്കി. കമ്പാർട്ട്മെന്റിലുണ്ടായിരുന്ന പലരും ആ രംഗം വീക്ഷിക്കുന്നുണ്ടായിരുന്നു. ചെറുപ്പക്കാരൻ പാന്റിന്റെ കീശയിൽ നിന്നും കൈലേസെടുത്ത് അവന്റെ കണ്ണീരൊപ്പി. ഞങ്ങൾ ഇരുവരും സീറ്റുകളിൽ ഇരുന്നു. എന്റെ തോളിൽ കൈയ്യിട്ടുകൊണ്ട് അദ്ദേഹം

പറയുകയാണ്. 'തമിഴ്നാട്ടിലെ... ജയിലിൽ... ബ്ലോക്കിൽ 3 വർഷം കഴിയേണ്ടിവന്നു. എന്റെ നമ്പർ... ആയിരുന്നു. പല മോഷണങ്ങൾ ഞാൻ നടത്തി. ഒന്നല്ല, രണ്ടല്ല, മൂന്നു വട്ടം പിടിക്കപ്പെട്ടു. സെൻട്രൽ ജയിലിലെ ജീവിതം വളരെ ഭയങ്കരമായിരുന്നു. വിശക്കേണ്ടി വന്നിട്ടില്ല, ദാഹി ച്ചിട്ടില്ല. അസുഖം വന്നപ്പോഴെല്ലാം മരുന്നും ഡോക്ടറും ഉണ്ടായിരുന്നു. എന്നാൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. സ്നേഹം ലഭിക്കുവാനില്ലാതായി. ജീവിതത്തിനു മുന്നിൽ അന്ധകാരം മാത്രം ദൃശ്യമായി. 25 വയസ്സു ണ്ടായിരുന്ന ഞാൻ എന്നെ ഓർത്തു കരഞ്ഞു.

ജയിലിനുള്ളിൽ ജീവിതം അവസാനിപ്പിക്കുവാനും നിവൃത്തി യില്ല. തെറ്റുകളെ ഓർത്തു ഞാൻ ദുഃഖിച്ചു. ഉറക്കവും വിശപ്പും എന്നെ വിട്ടകന്നു. ഭ്രാന്തനാകുമോ എന്ന് ഞാൻ ഭയന്നു. എന്റെ മനസ്സിലെ ഭാരങ്ങളും ചിന്തകളുമെല്ലാം ഞാൻ സഹതടവുകാരനുമായി പങ്കുവച്ചു. ഞങ്ങളും വന്നപ്പോൾ ആദ്യമൊക്കെ ഇങ്ങനെയായിരുന്നു എന്നും, പുറകെ ഇതൊക്കെ മാറുമെന്നും അവർ പറഞ്ഞു. ഞാൻ ചില ഉദ്യോഗ സ്ഥന്മാരുമായി എന്റെ അനുഭവം പറഞ്ഞു. അവരും എന്നെ പരിഹ സിച്ചു. ഉപദേശി ചമയണ്ട എന്നു പറഞ്ഞ് വിരട്ടി. കുറ്റബോധം എന്നെ കാർന്നുതിന്നുന്നുണ്ടായിരുന്നു. ഭാവിയെക്കുറിച്ചുള്ള ആശങ്ക എന്നെ ഇഞ്ചിഞ്ചായി തകർത്തുകൊണ്ടിരുന്നു. എന്റെ ജയിലിൽ, പ്രാർത്ഥി ക്കുന്ന ചില ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ഞാനവരെ കണ്ടു. അവർ എനിക്കുവേണ്ടി പ്രാർത്ഥിക്കാമെന്നു പറഞ്ഞു. അവർ വായിക്കുവാൻ തന്നതാണ് ഈ പുതിയനിയമം എന്നുപറഞ്ഞ് എന്നെ കാണിച്ചു (ഞാനത് തിരിച്ചുമറിച്ചു നോക്കി. എനിക്ക് പരിചയമുള്ള ചില തടവുകാരുടെ പേരെല്ലാം പുറംതാളിൽ കണ്ടു). കോട്ടയത്തുനിന്നും ഒരു ഉപദേശി വരും. അയാളോട് കാര്യമെല്ലാം തുറന്നുപറയണം. അയാളുടെ പ്രസം ഗവും പുസ്തകങ്ങളുമാണ് ഞങ്ങളെ ദൈവത്തോടടുപ്പിച്ചത് എന്നു പറ ഞ്ഞു. അറിയാവുന്ന ദേവന്മാരെയെല്ലാം വിളിച്ചു മടുത്ത ഞാൻ കോട്ടയ ത്തെ ഉപദേശിയെ കാത്ത് ഇരിപ്പായി. അന്നൊരു ശനിയാഴ്ച്ചയാ യിരുന്നു. ജയിലിൽ 5 മണിക്കു ക്രിസ്തീയ സംഗീതപരിപാടി ഉണ്ടെ ന്നും താൽപര്യമുള്ളവർ വന്നു പങ്കെടുക്കാമെന്നുമുള്ള അറിയിപ്പ് ഉച്ചയ് ക്കു മുമ്പുതന്നെ കിട്ടി. എന്റെ ജോലികളും ദിനകൃത്യങ്ങളും എല്ലാം തീർത്ത് 4 മണി ആയപ്പോഴേ തയ്യാറായിരുന്നു. കോട്ടയത്തെ ഉപദേശി പ്രസംഗിക്കുവാൻ വരുന്നുണ്ട്. പ്രാർത്ഥിക്കുന്ന തടവുകാർ എന്നെ അറി യിച്ചു. ഞാനും മീറ്റിംഗിനു വന്നു. നല്ല നല്ല പാട്ടുകൾ കേട്ടു. ചില പാട്ടു കൾ എന്റെ ഹൃദയത്തെ ആശ്വസിപ്പിച്ചു. പിന്നീട് ഒരാൾ 23-ാമത്തെ സങ്കീർത്തനം വായിച്ചു. അതിനുശേഷം നിങ്ങൾ പ്രസംഗിച്ചു. അന്നു

രാവിലെ നിങ്ങൾ പുറപ്പെടുമ്പോൾ നിങ്ങളുടെ ഭാര്യ വളരെ രോഗി ആയിരുന്നു എന്നും പുറപ്പെടുവാൻ വളരെ പ്രയാസമായിരുന്നു എന്നും പറഞ്ഞത് ഞാൻ ഓർക്കുന്നു. 'അപ്പന്റെ അടുക്കലേക്ക് അനുതാപ ത്തോടെ മടങ്ങിവന്ന ധൂർത്തുപുത്രനെ അപ്പൻ വ്യവസ്ഥകളില്ലാതെ ക്ഷമിച്ചു എന്നും സ്വീകരിച്ചു എന്നും ആണ് നിങ്ങൾ പ്രസംഗിച്ചത്. ആകട്ടെ, സാർ ഇതുവല്ലതും ഓർക്കുന്നുണ്ടോ? എന്ന് എടുത്തുചോ ദിച്ചപ്പോൾ ഞാൻ സംസാരം തുടങ്ങി.

'മി. കുമാർ, ഞാൻ ആ ദിവസം ഓർക്കുന്നു. അന്ന് 1300 തടവുകാരു ണ്ടായിരുന്നല്ലോ. നിങ്ങളുടെ മുഖവും പേരും ഓർക്കുന്നില്ല. ക്ഷമി ക്കണം. അന്നുരാവിലെ 4 മണിക്ക് വീട്ടിൽനിന്നും പുറപ്പെടേണ്ട തായിരുന്നു. 3 മണിക്ക് അലാറം വച്ചിരുന്നു. ഭാര്യയ്ക്ക് ഇസനോഫീലി യയുടെ വലിയ പ്രയാസം ഉണ്ടായിരുന്നു. രാത്രി ഒട്ടും ഉറങ്ങിയില്ല. എന്റെ ഉള്ളിലെ 'ഭർത്താവ്' ഇന്നു പോകേണ്ട എന്ന് എന്നെ വിലക്കി പലവട്ടം. "മക്കൾ സ്കൂളിൽ പൊയ്ക്കൊള്ളും. വേലക്കാരി കാര്യങ്ങ ളൊക്കെ ചെയ്തുകൊള്ളും. നിങ്ങളുടെ യാത്ര മുടക്കേണ്ട. ചില തടവു കാർ നിങ്ങളെ കാത്തിരിക്കുമല്ലോ. അവരെ നിരാശപ്പെടുത്തേണ്ട. എനിക്ക് ഒന്നും സംഭവിക്കുകയില്ല. സംഭവിച്ചാലും ഞാൻ സ്വർഗ്ഗത്തിൽ ഉണ്ട്. അവിടെവച്ച് കാണാം. നിങ്ങൾ പൊയ്ക്കൊള്ളുക എന്നു പറഞ്ഞ് ഭാര്യ എന്നെ ധൈര്യപ്പെടുത്തി. മഴ ശക്തിയായി പെയ്യുന്നുമുണ്ടായിരുന്നു. മുറ്റത്തേക്കിറങ്ങിയ ഞാൻ തിരികെ കയറിവന്നു പോകുന്നില്ലെന്നു പിന്നെയും പറഞ്ഞു. പക്ഷേ എന്റെ ഭാര്യ എന്നോടു പറഞ്ഞത് എന്നെ ബലവാനാക്കി. ഞാനിന്നും അതോർക്കുന്നുണ്ട്. "നാം ജീവപര്യന്തം ഈ മിഷനുവേണ്ടി ഇറങ്ങിത്തിരിച്ചവരല്ലേ, അതിനു മുടക്കം വരണ്ട", ഞാനന്നു തിരികെ മാത്രി 1 മണിക്കാണ് വീട്ടിൽ എത്തിയത്. ഭാര്യയ്ക്ക് അല്പം ആശ്വാസം ഉണ്ടായിരുന്നു, അവൾ എന്നെയും ജയിലിലെ പരിപാടിയെയും ഓർത്ത് പ്രാർത്ഥിക്കുന്നുണ്ടായിരുന്നു എന്നു പറഞ്ഞു. കുമാർ തുടർന്നു. 'സാറെ, അന്ന് ജയിലിൽ വന്നതിനു നന്ദി. സാറിന്റെ ഭാര്യയോടും നന്ദി പറയട്ടെ'.

മുടിയൻ പുത്രൻ അപ്പനോടു പറഞ്ഞതുപോലെ ഞാനും ദൈവത്തോട് എന്നോടു ക്ഷമിക്കണമേ എന്ന് ഏറ്റുപറഞ്ഞു. എന്റെ പാപത്തിനുവേണ്ടി മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്ത യേശു ക്രിസ്തുവിൽ ഞാൻ ശരണപ്പെട്ടു. ഞാനൊരു പുതിയ ആളായി ത്തീന്നു. പീന്നീട് സാർ ഒരിക്കൽക്കൂടി വന്നത് ഞാൻ ഓർക്കുന്നു അന്നെനിക്ക് ലോണ്ടറിയിലായിരുന്നു പണി. തൂണിതേക്കുകയായി രുന്നു. അവിടെ നിന്നു കൊണ്ട് പ്രസംഗം കേട്ടു. ക്രിസ്തുവിനോടു

ചേർന്നുള്ള ജീവിതത്തെക്കുറിച്ചാണ് സാർ പ്രസംഗിച്ചത്. ഞാൻ പുതിയ തീരുമാനം ചെയ്തു. ഇനി എന്തു സംഭവിച്ചാലും പട്ടിണി കിടന്നു മരിച്ചാലും മോഷ്ടിക്കാൻ പോവുകയില്ല. പുതിയ ജീവിതം നയിക്കും. 3 വർഷം തികഞ്ഞപ്പോൾ ഇറങ്ങി സാറേ. വീട്ടിൽ നിന്നാൽ രക്ഷയില്ല. സംശയം എന്ന പേരിൽ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിക്കും ഇല്ലാത്ത പൊല്ലാപ്പു കെട്ടിവയ്ക്കും. നാട്ടിൽ നില്ക്കാൻ നിവൃത്തിയില്ല. എല്ലാവർക്കും സംശയം, ഭയം, വെറുപ്പ്. ഞാൻ കൽക്കത്തയിൽ ജോലി യുള്ള ഒരു അമ്മാവന്റെ വീട്ടിൽ വന്നു. 3 മാസം ശ്രമിച്ചു. ഒരു ചെറിയ ജോലി കിട്ടി. ഒരു കൊല്ലത്തെ പരിചയം കിട്ടിയപ്പോൾ ഒരു നല്ല കമ്പനി യിലെ പ്രതിനിധിയായി നിയമനം ലഭിച്ചു. ഇതാ എന്റെ കാർഡ്. 3 വർ ഷമായി ഇവിടെ. ഞാൻ ഡൽഹിക്കു പോകുന്നു. അവിടെയാണ് ഹെഡ് ആഫീസ്.

സാറിന്റെ പ്രവർത്തനം എങ്ങനെ നടക്കുന്നു? ഒരു കത്തയയ് ക്കാതിരുന്നത് നന്ദികേടായിപ്പോയി. പക്ഷേ സാറിന്റെ മേൽവിലാസം കൈയിൽ കിട്ടിയില്ല. ഇന്നിങ്ങനെ കാണാൻ ഇടയായതും ദൈവിക പരിപാടിയാണ്. സാറിനെ ദൈവം തീർച്ചയായും അനുഗ്രഹിക്കും. ഇരു ട്ടിൽ തപ്പിത്തടയുന്നവരെ നേർവഴികാണിക്കുന്ന നിങ്ങളുടെ പരിപാടി വിജയിക്കും.

ഞാൻ ചിലപ്പോഴെല്ലാം ഓർക്കാറുണ്ട് എന്നെപ്പോലെ എത്രയോ ആയിരങ്ങൾ ജയിലിൽ കിടക്കുന്നു. ശരിയും തെറ്റും അറിയാതെയല്ല. തെറ്റെല്ലാം ശരി എന്നു കരുതിക്കൊണ്ട്. ഞാനും അങ്ങനെ കഴിഞ്ഞ വനാണ്. ദൈവം എന്നെ സ്നേഹിച്ചു. സാർ അത് എന്നോടു പറഞ്ഞു തന്നു. സാറിനെ ദൈവം അനുഗ്രഹിക്കട്ടെ.

സമയം രാത്രി പത്തരയായി ഉറങ്ങുവാനുള്ള ഒരുക്കത്തിലാണ് എല്ലാവരും. ഞാൻ കുമാറിനോട് ചില വാക്കുകൾ കൂടി പറഞ്ഞു. ‘പാപത്തിന്റെ ശക്തി വലുതാണ്. വശീകരണം ശക്തമാണ്. കൂട്ടുകെട്ടു കൾ സൂക്ഷിക്കണം. പിശാചു പഴയ വഴിയിലേക്ക് വിളിക്കും. സാത്താൻ ഓരോരോ ആകർഷണങ്ങളുമായി വരും. യേശുവിനോട് ചേർന്നു ജീവി ക്കുക. ഒരിക്കലും കൈവിടുകയില്ല. ഭാവി അനുഗ്രഹപ്പെടും.’ ദൈവത്തി ങ്കലേക്ക് നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചു പോയില്ല.

രാജധാനി രാവിലെ ന്യൂഡൽഹി സ്റ്റേഷനിലെത്തി. തമ്മിൽ പിരിയുമ്പോൾ കുമാർ എന്നെ കെട്ടിപ്പിടിച്ചു പറയുകയാണ്, സാറേ, എന്നെ ഓർത്തു പ്രാർത്ഥിക്കണം. ഇന്നു ഞാൻ ഒരു അടിമയാണ്. യേശു ക്രിസ്തുവിന്റെ അടിമ തന്നെ. എത്ര നാളത്തേക്കെന്നോ? ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

# പ്രശംസിക്കപ്പെട്ടവൾ

ഈ ലോക ജീവിതത്തിൽ നാം ആയിരിക്കുമ്പോൾ മറ്റുള്ളവരിൽ നിന്നും പ്രശംസ ആഗ്രഹിക്കുന്നവരാണ് നാം. എന്നാൽ അർഹിക്കുന്ന നിലയിൽ അത് ലഭ്യമാകാറില്ല എന്നതാണ്. പ്രത്യേകിച്ച് മലയാളികളായ നാം മറ്റുള്ളവരുടെ നല്ല പ്രവൃത്തിയിലും വിജയങ്ങളിലും അഭിനന്ദിക്കുവാൻ മടി കാണിക്കുന്നവരാണ്. അതിൽ നിന്നും വിഭിന്നമായി ദൈവഭക്തിയോടും വിവേകത്തോടും പ്രവർത്തിച്ചതായ ഒരു സ്ത്രീയെ ഒരു രാജാവ് പ്രശംസിക്കുന്നത് 1 ശമുവേൽ 25-ാം അദ്ധ്യായം പഠിച്ചാൽ മനസ്സിലാക്കാം. കൂടാതെ യേശുകർത്താവ് പ്രശംസിച്ചു പറഞ്ഞിരിക്കുന്ന നിരവധി സ്ത്രീകളെ തിരുവചനത്തിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.

യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായ ശൗലിന്റെ ആയുധവാഹകനായിരുന്ന ദാവീദ് (1 ശമു. 16:21) ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ ദൈവത്തിലാശ്രയിച്ച് ഒരു കല്ലുകൊണ്ട് ഫെലിസ്ത്യ മല്ലനായ ഗോല്യാത്തിനെ തോല്പിച്ചതിനാൽ ജനത്തിന്റെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയ ദാവീദിനോട് ശൗലിന് അസൂയ തോന്നിയതുമുതൽ തന്നെ കൊല്ലുന്നതിനായി അന്വേഷിച്ചുകൊണ്ടിരുന്ന സമയത്ത് ശൗലിനെ ഭയന്ന് വനാന്തരങ്ങളിലും മരുഭൂമികളിലും പാർത്തു. തന്നോടു കൂടെ ഞെരുക്കവും കഷ്ടവും അനുഭവിക്കുന്നവരായി 600 പേരും ഉണ്ടായിരുന്നു. ഈ സാഹചര്യത്തിൽ നിത്യവൃത്തിക്കായി വളരെ ബുദ്ധിമുട്ടിയിരുന്നു. ആ സമയത്താണ് കർമ്മേലിൽ വ്യാപാരമുള്ള മഹാധനികനായ ഒരു മവോന്യനായ വ്യക്തിയായിരുന്നു നാബാൽ. ഇദ്ദേഹം കാലേബ് വംശക്കാരനായിരുന്നു. നാബാൽ എന്ന വാക്കിന് ഭോഷത്വം എന്നാണ് അർത്ഥം. നിഷ്ഠൂരനും ദുഷ്കർമ്മിയും ആയിരുന്ന തന്റെ ഭാര്യ അബീഗയിൽ നല്ല വിവേകവതിയും സുന്ദരിയുമായിരുന്നു. അബീഗയിൽ എന്ന പേരിന് പിതാവിന്റെ സന്തോഷം എന്നാണ് അർത്ഥം (1 ശമൂവേൽ 25:3).

നാബാലിന്റെ ആടുകളുടെ രോമം കത്രിക്കുന്ന അടിയന്തരം ആർഭാടമായി നടക്കുന്നതറിഞ്ഞ ദാവീദ് തന്റെ ഭൃത്യന്മാരിൽ 10 പേരെ അവിടേക്കു അയച്ച്, നാബാലിന് വന്ദനം ചൊല്ലി തങ്ങളുടെ ആവശ്യം അറിയിച്ചു (വിശപ്പിനുള്ള ഭക്ഷണത്തിനായി) അപേക്ഷിച്ചു (25:5-9). എന്നാൽ നാബാൽ അവരോട് വളരെ മോശമായി (ക്രൂരമായി)

ഏർപ്പെട്ടും നിന്ദിച്ച് ഇപ്രകാരം പറഞ്ഞു "ദാവീദ് ആർ? യിശ്ശായിയുടെ മകൻ ആർ? ഞാൻ എന്റെ ആടുകളുടെ രോമം കത്രിക്കുന്നവർക്കായി ഒരുക്കിയ ഭക്ഷണ സാധനങ്ങൾ എടുത്ത് എവിടുത്തുകാർ എന്നറിയാത്തവർക്കു കൊടുക്കുകയില്ല എന്ന് പറഞ്ഞ് അവരെ വെറും കൈയ്യോടെ മടക്കി അയച്ചു. ഈ വിവരം കേട്ടതായ ദാവീദ് തന്റെ 400 ഭൃത്യന്മാരുമായി നാബാലിന്റെ ഭവനത്തിന് പ്രതികാരം ചെയ്യുവാനായി കോപത്തോടെ പുറപ്പെട്ടു. ഈ സമയത്ത് നാബാലിന്റെ ബാല്യക്കാരിൽ ഒരാൾ അബീഗയിലിനോട് ഈ വസ്തുത അറിയിച്ചു. ഞങ്ങൾ അവരോടൊപ്പം വനാന്തരങ്ങളിൽ ആടുകളെ മേയിച്ചുകൊണ്ടായിരുന്നപ്പോൾ ദാവീദും അനുയായികളും ഞങ്ങൾക്ക് വളരെ സഹായമായിരുന്നു. രാവും പകലും അവർ ഞങ്ങൾക്ക് മതിൽ (സംരക്ഷണം) ആയിരുന്നു. (25:15-17) ആകയാൽ ഈ സമയത്ത് എന്തുചെയ്യണമെന്ന് ആലോചിച്ചു പ്രവർത്തിക്കുക. നാബാൽ ദുഃസ്വഭാവിയാകയാൽ ദോഷം പ്രവർത്തിച്ചു.

തന്മൂലം ഈ കുടുംബത്തിനു ഭവിക്കുവാൻ പോകുന്ന അനർത്ഥം മനസ്സിലാക്കിയ അബീഗയിൽ വിവേകത്തോടും, ബുദ്ധിയോടും, പരിജ്ഞാനത്തോടും കൂടി പ്രവർത്തിച്ചതിനാൽ തന്റെ കുടുംബത്തെ പ്രതിസന്ധിയിൽ നിന്നും വിടുവിക്കുവാൻ സാധിച്ചത് പ്രത്യേകം ശ്രദ്ധേയമാണെന്നത് ചിന്തനീയം തന്നെ. വിവേകം എന്നത് കേവലം വിദ്യാഭ്യാസത്തിലൂടെ നേടുന്ന അറിവിനാൽ ലഭിക്കുന്നതല്ല. പിന്നെയോ ഏതു പ്രതികൂല സാഹചര്യത്തിലും സമനിലതെറ്റാതെ ബുദ്ധിപൂർവ്വം ചിന്താശക്തിയോടും ദൈവഭയത്തിലും ഭക്തിയിലും താഴ്മയോടും സൗമ്യതയോടും പ്രവർത്തിക്കുന്നതാണ്. നാബാൽ ചെയ്തതായ ഭോഷത്വപരമായ വലിയ തെറ്റിന് വിവേകവതിയായ ഭാര്യ പരിഹാരം നേടുന്നതിനായി പ്രയത്നിക്കുന്നത് മനസ്സിലാക്കാം.

യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭം എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു സദൃ. 1:7. ഈ ജ്ഞാനം ലോക പ്രകാരം നേടുവാൻ സാധ്യമല്ല. ഇത് പരിശുദ്ധനിൽ നിന്നു ലഭ്യമാകുന്ന പരിജ്ഞാനമാണ് (സദൃ. 15:40, 20:15) ദൈവിക പരിജ്ഞാനത്തിലുള്ള വിവേകമായിരിക്കണം നമ്മുടെ അലങ്കാരം. 1 രാജാ. 3:9-ൽ ശലോമോൻ രാജാവിന്റെ പ്രാർത്ഥന ശ്രദ്ധേയമാണ്. "ഗുണവും ദോഷവും തിരിച്ചറിഞ്ഞു നിന്റെ ജനത്തിനു ന്യായപാലനം ചെയ്‌വാൻ വിവേകമുള്ള ഹൃദയം തരേണമേ" എന്നാണ്. ഇതായിരിക്കണം നമ്മുടേയും പ്രാർത്ഥന. അബീഗയിൽ ഇപ്രകാരം യഹോവയിലാശ്രയിച്ച് ജീവിച്ചതിനാൽ വിവേകത്തോടെ പ്രവർത്തിച്ച് തന്റെ ഭവനത്തെ വലിയ വിപത്തിൽ നിന്നു വിടുവിച്ചതെങ്ങനെയെന്ന് ചിന്തിക്കാം.

ദാവീദും ഭൃത്യന്മാരും പ്രതികാരത്തിനായി വരുമ്പോൾ അവർക്ക് ആവശ്യമുള്ള ഭക്ഷണസാധനങ്ങളുമായി അവരെ എതിരേറ്റു ചെന്ന് അവന്റെ മുമ്പാകെ സാഷ്ടാംഗം വീണുനമസ്കരിച്ചു. (1 ശമൂ. 25:18). നാബാലിന്റെ കുറ്റം തന്റെ കുറ്റമായി ഏറ്റെടുത്ത് താഴ്മയോടുകൂടി തന്റെ നിരപരാധിത്വം തെളിയിക്കുന്നു. നെഹ. 1:6, നെഹമ്യാവിനെപ്പോലെ യും, അബീഗയിലിനെപ്പോലെയും മറ്റുള്ളവരുടെ കുറ്റം (പാപം) ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കുന്നവരാകാം. ദാവീദിന്റെ പദവികളെയും പ്രകീർത്തിച്ച് ദൈവത്തിനു മഹത്ത്വം കൊടുക്കുന്നു. ദാവീദ് രാജസ്ഥാ നത്തു വരുമ്പോൾ ദുഷ്ടനും നിഷ്ഠുരനുമായ നാബാലിൽ നിന്നു തന്നെയും വിടുവിക്കേണമേ എന്ന് അപേക്ഷിക്കുന്നു. അപ്പോൾ ദാവീദ് ദൈവത്തിനു മഹത്ത്വം കരേറ്റികൊണ്ട് പറയുന്ന് 'നിന്റെ വിവേകം സ്തുത്യം" (25:33) രക്തപാതകവും സ്വന്ത കൈയ്യാൽ പ്രതികാരവും ചെയ്യാതെവണ്ണം എന്നെ തടുത്തിരിക്കുന്ന നീയും അനുഗ്രഹിക്കപ്പെട്ട വൾ. നീ ഇപ്രകാരം എതിരേറ്റുവന്നതിനാൽ നിന്റെ കുടുംബത്തോടു ദോഷം ചെയ്യാതെ ദൈവം എന്നെ തടഞ്ഞിരിക്കുന്നു എന്നു പറഞ്ഞ് അവൾ കൊണ്ടുവന്നത് അവളുടെ കൈയ്യിൽ നിന്നു വാങ്ങി സമാധാ നത്തോടെ മടക്കി അയച്ചു. ഇതാ ഞാൻ നിന്റെ വാക്കുകേട്ട് നിന്റെ മുഖം ആദരിച്ചിരിക്കുന്നു എന്നു പറഞ്ഞു (1 ശമൂ. 25:35)

അബീഗയിൽ തിരികെ വീട്ടിലെത്തിയപ്പോൾ നാബാൽ വിരുന്നു കഴിച്ച് ലഹരിപിടിച്ചിരിക്കയാൽ അവൾ ഒന്നും അറിയിക്കാതെ വിവേ കത്തോടെ കാത്തിരുന്നു. രാവിലെ വിവരം അറിയിച്ചപ്പോൾ അവന്റെ ഹൃദയം നിർജ്ജീവമായി കല്ലിച്ചു മരിച്ചുപോയി. നാബാലിന്റെ ദുഷ്ടത അവന്റെ തലയിൽ തന്നെ വന്നു ഭവിച്ചു. (25:38)

അനന്തരം ദാവീദ് രാജാവിന്റെ ഭൃത്യന്മാർ വന്നു. അവൾ നിലം വരെ കുനിഞ്ഞ് അവരോട് ഇതാ അടിയൻ യജമാനന്റെ ദാസന്മാ രുടെ കാലുകളെ കഴുകുന്ന ദാസിയെന്നു പറഞ്ഞ് താഴ്ത്തി സമർപ്പിച്ച് തന്റെ ബാല്യക്കാരത്തികളുമായി അവരോടൊപ്പം കൊട്ടാരത്തിൽ പോയി ദാവീദിന്റെ ഭാര്യയായി അവർക്ക് പുത്രന്മാരെയും നല്കി ദൈവം മാനിച്ചു. ആകയാൽ സഹോദരിമാരായ നാം വ്യക്തി ജീവിത ത്തിലും, കുടുംബത്തിലും, സഭയിലും, സമൂഹത്തിലും വിവേകത്തോടെ പ്രവർത്തിച്ച് നല്ല തലമുറയെ നേടുവാൻ സർവ്വകൃപാലുവായ ദൈവം സഹായിക്കുമാറാകട്ടെ.

**സാറാമ്മ ശശി, കവിയൂർ**

# വിവാഹം മാന്യം, എന്നാൽ...

വിവാഹം എല്ലാവർക്കും മാന്യമാണ്. പക്ഷെ വിവാഹത്തോട നുബന്ധിച്ചുള്ള പല കാര്യങ്ങളും നമ്മുടെയിടയിൽ മാന്യമായിട്ടല്ല നടക്കുന്നത്. വിവാഹാലോചന മുതൽ സദ്യ വരെയുള്ള കാര്യങ്ങളിൽ പലതും വിശ്വാസികളുടെ സംസ്കാരത്തിന് യോജിച്ച വിധമല്ല നീങ്ങുന്നത്.

വിവാഹാലോചന നടത്തുമ്പോൾ തങ്ങളേക്കാൾ ശ്രേഷ്ഠരായ (പ്രധാനമായും സാമ്പത്തികം) ആളുകളുമായുള്ള ബന്ധത്തിനാണ് നമ്മുടെ ശ്രമം. സമ്പത്തും സൗന്ദര്യവും കുടുംബമാഹാത്മ്യവുമൊക്കെ തേടിയുള്ള യാത്രയിൽ ആത്മീയം അത്ര പ്രസക്തമല്ലാതായി മാറുന്നു. ചെറുക്കന്റെയും പെണ്ണിന്റെയും മാത്രമല്ല അവരുടെ കുടുംബാംഗങ്ങളു ടെയും ആത്മീയനിലവാരം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ പല വിവാഹങ്ങളും പരാജയപ്പെടുന്ന റോക്കറ്റ് വിക്ഷേപണ ത്തിന് തുല്യമാണ്. കത്തി ജ്വലിച്ച് കുതിച്ചുയരുമെങ്കിലും പെട്ടെന്നു തന്നെ പൊട്ടലും ചീറ്റലും ഉണ്ടായി, പോയതുപോലെ തന്നെ താഴോട്ട് പതിക്കുന്നു. യന്ത്രസംവിധാനത്തിലുണ്ടാകുന്ന ചെറിയ പാകപ്പിഴ പോലും റോക്കറ്റിനെ തല കുത്തിവീഴിക്കുമെങ്കിൽ വിവാഹ ആലോചനയിലെ അപാകത വിവാഹബന്ധങ്ങളെയും തകർക്കുന്നതായി കാണാം.

വധൂവരന്മാരുടെ ആത്മീയനിലവാരം മുഖവിലയ്ക്കെടുക്കാതെ മറ്റ് കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പെണ്ണുകാണൽ ചടങ്ങ് അനന്തമായി നീളുന്നു. ഒടുവിൽ ലീവ് അവസാനിക്കാറാകു മ്പോഴാണ് ഏകദേശം ഒരെണ്ണം ഒത്തു വരുന്നത്. പെട്ടെന്ന് കാര്യങ്ങൾ തീർക്കാനുള്ള ബദ്ധപ്പാടിൽ ഉറപ്പും വിവാഹവുമെല്ലാം ഒറ്റദിവസം ഒന്നി ച്ചാക്കുന്നു. പണ്ട് നമ്മുടെ പള്ളികളിൽ വിവാഹം വിളിച്ചു ചൊല്ലുന്ന ഏർപ്പാട് ഉണ്ടായിരുന്നു. ഉറപ്പ് കഴിഞ്ഞു മൂന്ന് ഞായറാഴ്ച വിളിച്ചു ചൊല്ലി നടത്തുന്ന വിവാഹത്തിന് അതിന്റേതായ ഒരു കെട്ടുറപ്പുണ്ടാ യിരുന്നു. പെണ്ണ് കാണൽ ചട ങ്ങിന് ശേഷം വിവാഹത്തിന് ചുരുങ്ങിയത് ഒരു മാസത്തെ ഇടവേള ഉണ്ടായിരിക്കണം. ഈ കാലഘട്ടത്തിൽ രണ്ട് വീട്ടുകാ ർക്കും പരസ്പരം മനസ്സിലാക്കുവാൻ സമയം കിട്ടുമായിരുന്നു. പെണ്ണിന്റെയും ചെറുക്കന്റെയും സ്വഭാവം സംബന്ധിച്ച കാര്യങ്ങൾ മറ്റുള്ളവരിലൂടെ രണ്ട് വീട്ടുകാർക്കും ലഭിക്കാനുള്ള സമയം എന്താ

**ഇവാ. ജോസഫ് ഇടക്കാട്ടിൽ എഴുതിയ “കുടുംബം നമ്മുടെ സ്നേഹക്കൂട്” എന്ന പുസ്തകത്തിൽ നിന്നും**

യാലും വിവാഹത്തിന് മുമ്പ് ഉണ്ടായിരിക്കണം. നേരിട്ട് പരിചയമുള്ള കുടംബത്തിൽ നിന്നുള്ള ബന്ധമാണെങ്കിൽ ഉറപ്പും വിവാഹവും ഒന്നിച്ചാക്കാം. എന്നാൽ പണം ലാഭിക്കാൻ വേണ്ടിയും സൗകര്യത്തിനു വേണ്ടിയും മാത്രമാണെങ്കിൽ ഒരിക്കലും ഇങ്ങനെ ചെയ്യരുത്. വിവാഹം മാത്രമല്ല, വിവാഹാലോചനയും നമ്മുടെ പിതാക്കന്മാർ കാണിച്ചുതന്ന മാതൃകയിലായിരിക്കട്ടെ.

വിവാഹം മാത്രമല്ല, വിവാഹശുശ്രൂഷയും മാന്യമായിരിക്കണം. വിവാഹകർമ്മം ആശീർവദിക്കുന്നത് നല്ല ആത്മീയ നിലവാരവും ജീവിതസാക്ഷ്യവുമുള്ളവരായിരിക്കണം. ഏറ്റവും ഉത്തമമായത് പ്രാദേശിക സഭയിലെ ശുശ്രൂഷകൻ തന്നെ വിവാഹശുശ്രൂഷ നടത്തുന്നതാണ്. അതിന് തക്ക പ്രായവും പക്വതയും പരിജ്ഞാനവും ഉണ്ടായിരിക്കണമെന്ന് മാത്രം. പൊങ്ങച്ചത്തിന് വേണ്ടി മാത്രം സഭയിലെ ഉന്നതന്മാരെകൊണ്ട് വിവാഹശുശ്രൂഷ നടത്തിയതുകൊണ്ട് ഒരു ഗുണവുമില്ല. വധൂവരന്മാരെ നേരിട്ട് അറിയുന്ന പാസ്റ്ററോ സെന്റർ പാസ്റ്ററോ വിവാഹം നടത്തിയാൽ പിന്നീട് ഈ പുതിയ കുടുംബത്തിനു വേണ്ടി അവർ പ്രാർത്ഥിക്കുമല്ലോ.

പെന്തെക്കോസ്തുകാരുടെ ശവസംസ്ക്കാരശുശ്രൂഷയിലും വിവാഹശുശ്രൂഷയിലും പങ്കെടുക്കുന്നത് മറ്റുള്ളവർക്ക് വളരെ ബുദ്ധിമുട്ടായി മാറിയിട്ടുണ്ട്. ആരെയും മുഷിപ്പിക്കുന്ന സ്ഥലകാല ബോധം ഇല്ലാത്ത പ്രസംഗമാണ് ഇതിന്റെ കാരണം. വിവാഹശുശ്രൂഷയിൽ ദൈവവചനം ശുശ്രൂഷിക്കുന്ന വ്യക്തി മറ്റ് മതങ്ങളെക്കുറിച്ചും സംസ്കാരങ്ങളെക്കുറിച്ചും സാമാന്യബോധമുള്ള ആളായിരിക്കണം. ജീവിത സാക്ഷ്യമുള്ളയാളും ഫലനശാലിയുമായിരിക്കണം. സദസ്സിനെ ചിരിപ്പിക്കുവാൻ വിലകുറഞ്ഞ തമാശകൾ പാസ്സാക്കരുത്. വിവാഹശുശ്രൂഷാവേളയിൽ വിവാഹമോചനത്തെകുറിച്ചും വിവാഹേതര ബന്ധത്തെ കുറിച്ചും വലിയ പ്രാധാന്യത്തോടെ പ്രസംഗിക്കരുത്. പ്രത്യേക മാനസികാവസ്ഥയിലായിരിക്കുന്ന വധുവരന്മാരുടെ ശ്രദ്ധയെ ക്ഷണിച്ച് വളരെ കാര്യമാത്ര പ്രസക്തമായ ചില കാര്യങ്ങൾ തിരുവചന വെളിച്ചത്തിൽ പറഞ്ഞുകൊടുക്കുകയാണ് വേണ്ടത്. ശുശ്രൂഷ നടത്തുന്ന ദൈവദാസനെ കൂടാതെ ഒരാളെ മാത്രമെ പ്രസംഗിക്കുവാനായി ക്ഷണിക്കാവൂ. പന്ത്രണ്ട് മണിയോടെ വിവാഹ ശുശ്രൂഷ അവസാനിപ്പിക്കാൻ ശ്രമിക്കണം.

അതുപോലെ വിവാഹത്തിനു ക്ഷണിക്കപ്പെട്ട് വരുന്നവർക്ക് മാന്യമായ ഭക്ഷണം നല്കണം. എന്നാൽ വിശ്വാസികൾക്ക് മാന്യമല്ലാത്ത രീതിയിൽ അമിതവും അനാവശ്യവുമായ രീതിയിലാണ് പലയിടത്തും ഭക്ഷണം വിതരണം ചെയ്യുന്നത്. ചിലയിടങ്ങളിൽ ഭക്ഷണശാലയിലെ മേശയും കസേരയുമെല്ലാം അനാവശ്യമായി അലങ്കരിച്ചിരിക്കുന്നത് കാണാം. ഇങ്ങനെയൊക്കെ ചെയ്യുമ്പോൾ നാം ദരിദ്രരെ മറക്കുകയല്ലേ

ചെയ്യുന്നത്? ഇത് വായിക്കുന്ന ബഹുഭൂരിപക്ഷം ദൈവമക്കളും നമ്മുടെ ഭോജനപ്രിയം അതിരു കടക്കുന്നു എന്ന കാര്യം സമ്മതിക്കും എന്നാൽ ചില മാമ്മോൻ പക്ഷക്കാർ ഇങ്ങനെ ചോദിക്കാം. പിന്നെ നാട്ടുകാരെ വിളിച്ച് ചായയും ബിസ്ക്കറ്റും കൊടുത്താൽ മതിയോ? എന്നാൽ വിവാഹ കാര്യങ്ങളിൽ ദൈവാത്മാവിന്റെ നടത്തിപ്പുള്ളവർക്കറിയാം എങ്ങനെയാണ് സദ്യ ഒരുക്കേണ്ടതെന്ന്.

വിവാഹാലോചനയിൽ നമ്മുടെ തനിനിറം വെളിവാക്കുന്ന ഒരു പ്രധാനഘടകമാണ് സ്ത്രീധനം. സ്ത്രീധനം വാങ്ങിക്കുന്നതും കൊടുക്കുന്നതും ഇന്ത്യാ ഗവൺമെന്റ് നിയമം മൂലം നിരോധിച്ചതാണ്. സ്ത്രീയുടെ പക്കൽ നിന്ന് ധനം വാങ്ങി ആഘോഷിക്കാം എന്ന് കരുതുന്നത് തെറ്റാണ്. തിരുവചനപ്രകാരം നോക്കിയാൽ പുരുഷൻ സ്ത്രീക്ക് നല്കുന്ന ധനമാണ് സ്ത്രീധനം. ഇന്ത്യാ ഗവൺമെന്റിന്റെ നിയമങ്ങളനുസരിച്ച് ജീവിക്കുന്നുവെന്നവകാശപ്പെടുന്ന നമ്മൾ സ്ത്രീധനം ചോദിക്കുന്നത് തെറ്റല്ലേ? സ്ത്രീധനം ഇല്ലെങ്കിൽ പെണ്ണ് അവിടെ നില്ക്കട്ടെ എന്നു പറയുന്നത് ദൈവം ശ്രദ്ധിച്ച് തക്കതായ മറുപടി നല്കുമെന്ന കാര്യം മറക്കേണ്ട. സ്ത്രീധനകാര്യം പെൺവീട്ടുകാരുമായി രഹസ്യ ചർച്ച നടത്തി ധാരണയായ ശേഷം ഞങ്ങൾ സ്ത്രീധനമൊന്നും ചോദിച്ചില്ല എന്ന് പരസ്യപ്രഖ്യാപനം നടത്തുന്നവരുണ്ട്. പെണ്ണിന്റെ ഓഹരി വാങ്ങുന്നത് തെറ്റാണോ? ഒരിക്കലും അല്ല, എന്നാൽ അത് കണക്ക് പറഞ്ഞ് വിവാഹത്തിന് മുമ്പ് വാങ്ങുന്നത് ശരിയല്ല. സ്ത്രീധന തുകയുടെ കനം കൂടുന്നതിനനുസരിച്ച് മാന്യത കൂടുമെന്ന് കരുതുന്നത് മാന്യതയല്ല. തിരുവിതാംകൂറിൽ ഒരു വിശ്വാസികുടുംബത്തിൽ ഈയിടെ ഒരു കോടി രൂപ സ്ത്രീധനമായി കൈമാറിയെന്ന് കേട്ടപ്പോൾ ലജ്ജിച്ചു പോയി. ഇത് സത്യമാകരുതേ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു. വൻതുക സ്ത്രീധനം കൊടുക്കുന്നത് നാട്ടുകാർ അറിയുന്നത് ഒരു ഗമയായിട്ടാണ് പലരും കരുതുന്നത്. വിവാഹ ചെലവിലേക്കായി ശേഷിയുള്ള പെൺവീട്ടുകാർ സ്വമനസ്സാലെ നല്കുന്ന ചെറിയ തുക കൈപ്പറ്റുന്നത് മാമ്മോൻ ഭരിക്കുന്ന ഈ ലോകത്തിൽ ഒരു വലിയ തെറ്റായി കാണുന്നില്ല. (ഇന്ത്യൻ നിയമപ്രകാരം എത്ര ചെറിയ തുക വാങ്ങുന്നതും തെറ്റു തന്നെ). എന്നാൽ പെണ്ണിന്റെ പണം കൊണ്ട് ഗൾഫിൽ ജോലിക്ക് വിസ സംഘടിപ്പിക്കാമെന്നും, കടങ്ങൾ വീട്ടാമെന്നും, പെങ്ങളെ കെട്ടിക്കാമെന്നും ഒക്കെ കരുതുന്നത് ശരിയല്ല. വിവാഹിതരാകുവാൻ പോകുന്ന ചെറുപ്പക്കാരോട് ഒരു വാക്ക്. സ്വന്ത കൈകൊണ്ട് വേല ചെയ്ത് ജീവിക്കുന്നതിൽ അഭിമാനിക്കണം. നിങ്ങൾ സ്ത്രീധനം ചോദിക്കരുത്. അതിൽ ആശ്രയം വയ്ക്കരുത്.

ഇതൊക്കെ പറയുവാൻ ഇവനാരാണ് എന്നു ചോദിക്കരുത്. മാമ്മോൻ പക്ഷക്കാരുടെ എണ്ണം കൂടുന്നത് കണ്ട് പറഞ്ഞു പോയതാണ്.

മരിച്ചടക്ക് പോലും ആഘോഷമാക്കുന്ന ഒരു സമൂഹത്തോട് വിവാഹത്തിന് ആർഭാടം പാടില്ലെന്ന് പറയുന്നത് എന്റെ ബുദ്ധിമോശം കൊണ്ടാണ്. എങ്കിലും ആരെങ്കിലുമൊക്കെ ഇത് വിളിച്ചു പറയണ്ടേ? പൂച്ചയ്ക്ക് ആര് മണി കെട്ടും എന്നതാണ് ഇന്നത്തെ പ്രശ്നം.

ചുരുക്കി പറയട്ടെ, ആത്മീയത ഇല്ലാതെ മറ്റെന്തെല്ലാം ഗുണങ്ങൾ ഉണ്ടായാലും അതിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന വിവാഹങ്ങൾ പ്രത്യേകിച്ച് അത്യാഡംബരപൂർവ്വം നടത്തുന്നവർക്ക് അല്പായുസ്സേ കാണുന്നുള്ളു. ദൈവാത്മാവിന്റെ കൂട്ടായ്മ ഇല്ലാതെ നടത്തപ്പെടുന്ന വിവാഹങ്ങളിൽ വിവാഹ ഉടമ്പടിയിൽ ഒപ്പ് വയ്ക്കുന്ന കൂട്ടത്തിൽ വിവാഹ മോചനത്തിനുള്ള പേപ്പറിലും ഒപ്പിട്ട് വാങ്ങേണ്ട അവസ്ഥ വന്നേക്കാം.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

---

*പേജ് 18 ന്റെ തുടർച്ച (മനസ്സു പുതുക്കി രൂപാന്തരപ്പെടുക)*

പ്രിയമുള്ളവരേ, ദൈവമക്കൾ ഇടവിടാതെ പ്രാർത്ഥിക്കണം എന്നു പറയുന്നതിന്റെ ഉദ്ദേശ്യം ഇടവിടാതെ വിശുദ്ധിയോടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിച്ച് ദൈവം ചെയ്ത ഉപകാരങ്ങൾക്കു നന്ദിപറഞ്ഞ് അധരഫലമാകുന്ന സ്തുതിസ്തോത്രയാഗങ്ങൾ അർപ്പിച്ച് നമ്മുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ പിതാവിനോടറിയിക്കുമ്പോൾ നമുക്കു ലഭിക്കുന്നത് സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനമാകുന്നു എന്നോർക്കുക. നാം പ്രാർത്ഥിക്കുമ്പോൾ “ദൈവഹിതപ്രകാരം മാത്രം പ്രാർത്ഥിക്കുവാൻ” ശ്രദ്ധിക്കുക. “എന്റെ കൃപ നിനക്കു മതി,” എന്ന ഉത്തരമായിരിക്കും ലഭിക്കുന്നതെങ്കിൽ അതിൽ തൃപ്തിപ്പെടുക. “ നീ കാത്തിരിക്കുക” എന്ന മറുപടിയാണു പിതാവു നല്കുന്നതെങ്കിൽ ക്ഷമയോടെ കാത്തിരിക്കുക. “മതി ഇനി നീ ഈ കാര്യം ചോദിക്കേണ്ട” എന്നാകുന്നു ഉത്തരമെങ്കിൽ നാം പ്രാർത്ഥിച്ചത് ദൈവഹിതമായിരുന്നില്ല എന്ന് ആശ്വസിക്കുക. എന്തുതന്നെ ആയിരുന്നാലും നമ്മുടെ പ്രാർത്ഥന തിരുഹിതപ്രകാരം മാത്രം ആയിരിക്കട്ടെ.

പ്രിയമുള്ളവരേ, നാം ദൈവമക്കൾ ആയിത്തീർന്നതു ദൈവകൃപയാൽ മാത്രമാകുന്നു എന്നോർക്കുക. അതും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ മാത്രം! നമുക്കു പ്രശംസിപ്പാനൊന്നുമില്ല. ദൈവത്തിന്റെ ദാനം മാത്രം (എഫെ.2:8). അതുകൊണ്ട് ദൈവഹിതപ്രകാരം, തിരുവചനം പ്രമാണിച്ചും, ദൈവത്തെ പ്രസാദിപ്പിച്ചും, ദിനംതോറും ജീവിച്ച് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടി വിരുതു പ്രാപിക്കുവാൻ ഉത്സാഹിക്കുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കി ഓടുവാൻ ഈ ചിന്തകൾ നമ്മെ സഹായിക്കട്ടെ.

**എൽസി ബേബി, ന്യൂ യോർക്ക്**

## ക്രിസ്തുവിശ്വാസിയുടെ തിരഞ്ഞെടുപ്പിന്റെ ആന്തരികബാഹ്യ ലക്ഷണങ്ങൾ

(കൊലൊസ്യർ 3:12 ന്റെ പശ്ചാത്തലത്തിൽ)

### B. പ്രിയപ്പെട്ടവർ

**1. ദൈവത്തിന് നമ്മോട് ഉന്നതമായ സ്നേഹവും വലിയ കരുണയുമുണ്ട്.**

ദൈവസ്നേഹം നിരുപാധികമാണ്. ഈ സ്നേഹം നമ്മുടെ പ്രവൃത്തിയുടെ പ്രതിഫലനമോ പ്രതികരണമോ അല്ല. നാം ദൈവത്തെ അനുഗമിക്കുവാൻ തുടങ്ങിയപ്പോൾ അല്ല ദൈവത്തിന്റെ സ്നേഹം ആരംഭിക്കുന്നത്. ദൈവസ്നേഹം സദാകാലവും നിലനിന്നിരുന്നു. നിത്യമായ ദൈവസ്നേഹത്തിൽ നിന്നും അവൻ നമ്മെ സൃഷ്ടിക്കുക യുണ്ടായി. നാം ദൈവത്തെ തള്ളിക്കളയും എന്ന് ദൈവത്തിന് മുന്നമേ അറിയാമായിരുന്നുവെങ്കിലും ദൈവസ്നേഹത്താൽ അവൻ നമ്മെ സൃഷ്ടിച്ചു. ആ സ്നേഹം നമ്മെ ദൈവത്തിന് പ്രിയപ്പെട്ടവരാ ക്കുവാനാണ്.

ഹോശയ 11:1,3,4 പ്രവചനഭാഗം ശ്രദ്ധിക്കുക: "യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു. ഞാൻ എഫ്രയീമിനെ നടപ്പാൻ ശീലിപ്പിച്ചു; ഞാൻ അവരെ എന്റെ ഭുജങ്ങളിൽ എടുത്തു; എങ്കിലും ഞാൻ അവരെ സൗഖ്യമാക്കി എന്നു അവർ അറിഞ്ഞില്ല. മനുഷ്യ പാശങ്ങൾകൊണ്ടു, സ്നേഹബന്ധനങ്ങൾകൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു; അവരുടെ താടിയെല്ലിന്മേലുള്ള നുകം നീക്കിക്കള യുന്നവനെപ്പോലെ ഞാൻ അവർക്കു ആയിരുന്നു; ഞാൻ അവർക്കു തീൻ ഇട്ടുകൊടുത്തു." ദൈവം നമ്മുടെ പിതാവായതുകൊണ്ട് നമ്മെ സ്നേഹിക്കുന്നു.

നാം സൃഷ്ടിക്കപ്പെടുന്നതിനു മുന്നമേ ദൈവം തന്റെ മുന്നറിവി നാൽ, മുൻനിയമനത്താൽ നമ്മെ സ്നേഹിച്ചു. നാം ഓരോരുത്തരും ദൈവത്തിന്റെ കൺമുമ്പിൽ വളരുന്നത് അവൻ ശ്രദ്ധയോടെ വീക്ഷിച്ചു. മാത്രമല്ല, അവന്റെ അഗാധ സ്നേഹത്തിന്റെ ഫലമായി അവൻ നമുക്കായി യാഗം ആയിത്തീരുവാൻ ദൈവപുത്രനെ ഈ ഭൂമിയിലേക്ക് അയച്ചു.

### C. തിരഞ്ഞെടുക്കപ്പെട്ടവർ

വേർപാടിന്റെ ജീവിതം നയിക്കുവാൻ നാം ദൈവത്താൽ തിര ഞ്ഞെടുക്കപ്പെട്ടു. ലോക ജനതയ്ക്ക് വെളിച്ചം പകരുവാനും ലോകമോഹ ങ്ങളിൽ നിന്നും വേർപെട്ടവർ ആയിരിക്കുവാനും യിസ്രായേലിന്റെ ദൈവം ഏക സത്യദൈവം എന്ന് ലോകജനത മനസ്സിലാക്കേണ്ടതിനും

ദൈവം യിസ്രായേലിനെ തിരഞ്ഞെടുത്തു.

ദൈവത്താൽ ഉള്ള തിരഞ്ഞെടുപ്പിന് വ്യക്തമായ ഒരു ഉദ്ദേശ്യമുണ്ട്. ഒന്നാമത് ദൈവം യാദൃച്ഛികമായി ആരെയെങ്കിലും ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുവാൻ അഥവാ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കുകയല്ല ചെയ്തത്. എന്നാൽ യേശുക്രിസ്തുവിന്റെ ത്യാഗമരണത്തിന്റെ അടിസ്ഥാനത്തിൽ ദൈവസ്നേഹത്താൽ നാം വിശുദ്ധീകരിക്കപ്പെടേണ്ടതിനും അപ്രകാരം വേർപെട്ടവരായി വിശുദ്ധിയോടെ ഈ ഭൂമിയിൽ നിലനില്ക്കേണ്ടതിനും ലോകജനതയ്ക്ക് വെളിച്ചം പകരുവാനുമായി ദൈവം നമ്മെ ഓരോരുത്തരെയും വളരെ വ്യക്തിപരമായും ശ്രദ്ധയോടുംകൂടെ തിരഞ്ഞെടുത്തതാണ് എന്ന് തിരുവചനത്തിൽ നിന്നും നമുക്ക് മനസിലാക്കാം.

**ലഭ്യമായ തിരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വബോധം.**

ബാഹ്യരൂപം. ആന്തരികമായി നമുക്ക് ലഭിച്ച വിശുദ്ധിയുടെ മഹിമ നമ്മുടെ ജീവിതത്തിന്റെ ബാഹ്യകാഴ്ചയിലും രൂപത്തിലും ജീവിതത്തിലും പ്രകടമായിരിക്കണം. നാം പുതിയ സൃഷ്ടിയായി തീർന്നിരിക്കുന്നതിനാൽ നമ്മുടെ കാഴ്ചയിലും പ്രവൃത്തിയിലും സംസാരത്തിലും മനോഭാവത്തിലും സമീപനത്തിലും ക്രിസ്തുവിന്റെ വിശുദ്ധീകരണത്തിന്റെ ബാഹ്യ ലക്ഷണങ്ങളും അടയാളങ്ങളും പ്രദർശിപ്പിക്കേണ്ടതാണ്. ഈ ബാഹ്യ അടയാളങ്ങൾ കൃത്രിമമോ കാപട്യമോ നാട്യമോ ആയിരിക്കരുത്, മറിച്ചു സത്യസന്ധമായിരിക്കണം. ക്രിസ്തുവിൽ നമുക്ക് ലഭിച്ച പുതിയ നീതീകരണത്തിന്റെയും മേൽവിലാസത്തിന്റെയും അംഗീകാരത്തിന്റെയും അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ ഒരു യഥാർത്ഥ അനുഗാമിയായി അതിന്റെ മഹത്ത്വത്തിന്റെ ഗൗരവത്തോടെ നമ്മുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കണം.

ഇത് നിസ്സാരവൽക്കരിക്കരുത്. നാം യഥാർത്ഥത്തിൽ ഇന്ന് രൂപാന്തരം പ്രാപിച്ച ക്രിസ്തു വിശ്വാസി അടിസ്ഥാനത്തിൽ ദൈവത്തിന്റെ സൃഷ്ടി മകുടത്തിൽ വെളിപ്പെടുത്തുക എന്നുള്ളത് ഉത്തരവാദിത്തമാണ്

**ക്രിസ്തീയ പക്വതയിലുള്ള വളർച്ച**

ലോകവെളിച്ചമായ ക്രിസ്തുവിനെ നമ്മിലൂടെ വെളിപ്പെടുത്തുമ്പോൾ ദൈവത്തിന്റെ വിശുദ്ധന്മാരും പ്രിയപ്പെട്ടവരുമായി ലഭ്യമായ രക്ഷയുടെ മഹത്ത്വത്തിനനുസരിച്ചു ക്രിസ്തീയ പക്വതയിൽ നാം വളരണം. വിശുദ്ധന്മാർ എന്ന പുതിയ മേൽവിലാസം ക്രിസ്തു നമ്മിൽ കർത്തൃത്വം നടത്തുന്നതിലേക്കു നയിക്കണം. ക്രിസ്തുവിനെ നാം ലോകത്തിനു മുമ്പിൽ പ്രതിനിധീകരിക്കുംവിധം പക്വതയിൽ എല്ലാ അർത്ഥത്തിലും വളരണം. ക്രിസ്തു ദൈവപുത്രനും, ദൈവത്തിന്റെ

പ്രിയ പുത്രനും ദൈവത്തിന്റെ വിശുദ്ധനുമാണെന്ന വിധത്തിൽ നമ്മുടെ ജീവിതത്തിലൂടെ പ്രതിഫലിക്കണം.

പ്രിയരായവർ എന്ന മേൽവിലാസത്തിൽ പുതിയ ഉത്തരവാദിത്വബോധം എന്തെല്ലാം മാറ്റങ്ങളാണ് നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്നത്?

**III. ദൈവം നമുക്ക് പകർന്നു തന്ന വിശുദ്ധിയിലുള്ള നമ്മുടെ ക്രിസ്തീയ നടപ്പിന്റെ ബാഹ്യലക്ഷണങ്ങൾ എന്തൊക്കെയാണ്?**

A. ഒരു സ്വയവീക്ഷണം: രൂപാന്തര വ്യത്യാസം വ്യക്തിപരമായി ബോധ്യമുള്ളതായിരിക്കണം

a. യേശുക്രിസ്തുവിന്റെ ത്യാഗമരണത്തിലൂടെ നാം പുതിയ സൃഷ്ടിയാക്കി നിർമ്മിക്കപ്പെട്ടു

b. നാം ഇനി മേലാൽ പാപത്തിന്റെ അടിമകളല്ല. പുതിയ വെളിച്ചം പുതിയ വസ്ത്രം ധരിപ്പിക്കപ്പെട്ടവരാണ്.

c. യേശുക്രിസ്തുവിന്റെ യാഗത്തിന്റെ സമ്പൂർണ്ണതയിൽ തന്റെ പ്രിയ മക്കളായി ജീവിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്ക് ലഭിച്ചു.

d. ക്രിസ്തുവിശ്വാസിയുടെ മൂല്യം ശ്രേഷ്ഠവും വിശാലവും ആണ്. നമ്മുടെ പ്രവൃത്തികൾ അല്ല അതിനു കാരണം, പ്രത്യുത നാം ദൈവമക്കളും ദൈവത്തിന് പ്രിയപ്പെട്ടവരും ആയതാണ്.

e. നാം ഉന്നത നിലവാരത്തിൽ ജീവിക്കുവാൻ പരിശീലിപ്പിക്കപ്പെടണം, നാം അന്ധകാരത്തിൽ നടക്കുന്നില്ല. അതുകൊണ്ട് കൂടുതൽ നിലവാരവും മൂല്യവുമുള്ള ജീവിതശൈലി വികസിപ്പിക്കണം. സ്വർഗ്ഗീയ പിതാവുമായുള്ള ഉന്നത ബന്ധത്തിൽ ജീവിക്കുവാൻ തക്കവണ്ണം ഒരു ഉന്നത വിളി ദൈവം നമുക്ക് നല്കിയിരിക്കുന്നു. തന്റെ നാമം വഹിക്കുവാനും മറ്റുള്ളവർക്ക് പ്രകാശം പകരുവാനുമാണ് നമ്മെ വിളിച്ചിരിക്കുന്നതും ഭൂമിയിൽ നിയോഗിച്ചിരിക്കുന്നതും.

B. മറ്റുള്ളവർ നമ്മെ വീക്ഷിക്കുന്നത് : രൂപാന്തര വ്യത്യാസം ബാഹ്യമായി പ്രകടമായിരിക്കണം

a. ഈ പുതിയ വെളിച്ചം മറ്റുള്ളവർക്ക് നമ്മിൽ കാണുവാൻ കഴിയുന്നതായിരിക്കും.

b. ക്രിസ്തീയ സ്വഭാവം നമ്മിൽ പ്രദർശിപ്പിക്കുമ്പോഴും പ്രകാശിപ്പിക്കുമ്പോഴും ആ വ്യത്യാസങ്ങൾ മറ്റുള്ളവർ നമ്മിൽ കാണുവാൻ കഴിയണം. ക്രിസ്തുവിന്റെ സ്വഭാവസവിശേഷതകൾ മറ്റുള്ളവർക്ക് മനസ്സിലാക്കുവാൻ തക്കവണ്ണം അവ നമ്മിൽ തെളിവായിരിക്കണം.

c. ഈ ലക്ഷണങ്ങൾ ദൈവവുമായിട്ടുള്ള നമ്മുടെ ബന്ധത്തിന്റെ

*ശേഷം പേജ് 35 കാണുക*

# വിശുദ്ധിയും വേർപാടും

വിശുദ്ധീകരണം എന്ന വാക്കിന്റെ അർത്ഥം വേർപാട് എന്നതാണ്. സകല അശുദ്ധിയിൽ നിന്നും വേർപെടുക എന്നതാണ്. ശുദ്ധീകരണം എന്നത് രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട നമുക്ക് അത്യന്താപേക്ഷിതമാണ്. രക്ഷയുടെ ത്രികാല അവസ്ഥ പോലെ വിശുദ്ധിക്കും ത്രികാല അവസ്ഥ ഉണ്ട്. ശുദ്ധീകരിക്കപ്പെട്ടു ദിനംതോറുമുള്ള ശുദ്ധീകരണം ശുദ്ധീകരിക്കപ്പെടും. യേശു രക്തത്താൽ പാപമോചനം ലഭിച്ചവർ അനുദിനം ശുദ്ധീകരണം പ്രാപിക്കണം. ശാരീരിക വിശുദ്ധി ദൃശ്യവും ആത്മിക വിശുദ്ധി അദൃശ്യവുമാണ്. നാം വിശുദ്ധരാകുക എന്നത് കർത്താവിന് മാനകരമായി ജീവിക്കുക എന്നതാണ്. പിശാചിനെയും ലോകത്തെയും ജയിക്കുക. ജഡത്തെയും നാം ജയിക്കണം എങ്കിൽ മാത്രമേ നമുക്ക് ദൈവത്തിന് അനുരൂപരായി ജീവിക്കാൻ സാധിക്കുകയുള്ളൂ. ക്രിസ്തുവിനോടുള്ള സ്നേഹം കുറയുമ്പോഴാണ് നമ്മുടെ വിശുദ്ധ ജീവിതത്തിന് പാകപ്പിഴ സംഭവിക്കുന്നത്. ദൈവപുത്രനെ പുത്രത്വത്തിൽ കാണുന്നവനു മാത്രമേ വിശുദ്ധിയുടെ മാനദണ്ഡത്തിൽ ജീവിക്കാൻ സാധിക്കുകയുള്ളൂ. സകല ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കണം (2 കൊരി. 7:11). നിത്യതയിലേക്കുള്ള പ്രവേശനത്തിന്റെ ഗ്രാജുവേറ്റിംഗ് സർട്ടിഫിക്കറ്റ് ആണ് വിശുദ്ധി. അത് നമ്മുടെ ജീവിതത്തിൽ ഉണ്ടോയെന്ന് നാം ശോധന ചെയ്യണം. പത്രൊസ് പറഞ്ഞത് നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണയുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. (1 പത്രൊസ്. 1:5). പഴയനിയമകാലത്ത് യാഗാർപ്പിതത്താൽ ആണ് ശുദ്ധീകരണം പ്രാപിച്ചിരുന്നത്. എന്നാൽ കൃപയാൽ യേശുവിന്റെ മരണം മുഖാന്തരം യാഗങ്ങൾ പര്യവസാനിച്ചു. അവന്റെ രക്തം മുഖാന്തരം അകത്തും പുറത്തുമുള്ള ശുദ്ധീകരണം പ്രാപിക്കാൻ ഇടയായി.

ദൈവമക്കൾ ബാഹ്യവും ആന്തരികവുമായ എല്ലാ അശുദ്ധിയിൽ നിന്നും വേർപ്പെട്ടവരായിരിക്കണം. പഴയ നിയമകാലത്ത് കൂട്ടു വിത്ത് വിതയ്ക്കരുതെന്ന് ദൈവം കല്പ്പിച്ചു. രണ്ടുതരം തുണികൾ തുന്നിയ വസ്ത്രം ധരിക്കുവാൻ അനുവദിച്ചിരുന്നില്ല. (ലേവ്യ. 19:19) കാളയെയും കഴുതയെയും ഒരുമിച്ച് കൂട്ടി ഉഴുതരുതെന്നു കല്പിച്ചിരുന്നു. (ആവർ. 22:10). അതുപോലെ നമ്മുടെ ശരീരത്തിൽ അശുദ്ധിയും വിശുദ്ധിയും ഒരുപോലെ പാടില്ല. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാ

യിരിപ്പിൻ. പുറമേ ഒരാൾ നോക്കുമ്പോൾ വേർപെട്ടവനാണ്, വെള്ള വസ്ത്രം ധരിച്ച് ആരാധനയിൽ പങ്കുകൊള്ളുന്നവരാണ്. ഞാൻ വിശുദ്ധൻ എന്ന് തന്നെത്താൻ പുകഴ്ത്തുന്നവൻ, ദാനധർമ്മം ചെയ്യുന്നവൻ, പാപികളോട് വേർപെട്ടിരിക്കുന്നവൻ. എന്നാൽ നമ്മുടെ അകത്തുള്ള ഹൃദയത്തെ നന്നായി അറിയുന്നവനാണ് നമ്മുടെ പ്രിയ കർത്താവ്. പരസ്യ പാപം ചെയ്യാതെ രഹസ്യമായി പാപം ചെയ്തു ആന്തരിക അശുദ്ധി വരുത്തി പരിശുദ്ധാത്മാവിനെ ഒരിക്കലും ദുഃഖിപ്പിക്കാൻ ഇടയാകരുത്. ദൈവസ്നേഹത്തിൽ തന്നെത്താൻ സൂക്ഷിക്കുന്ന വനാണ് വിശുദ്ധൻ. ദൈവഭയത്തിൽ ജീവിക്കുന്നവനാണ് വിശുദ്ധൻ. നിത്യജീവനായി കാത്തിരിക്കുന്നവൻ ഭയം കൂടാതെ നീതിയിലും വിശുദ്ധിയിലും സത്യത്തിലും മനസ്സാക്ഷിഭ്രമം ഇല്ലാതെ ദൈവത്തെ ആരാധിക്കുന്നവനാണ്.

നമുക്ക് ഈ ലോകത്തിന്റെ കളങ്കം പറ്റരുത്, അന്യജഡത്താൽ മലിനപ്പെടരുത്, യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിച്ച വരാകണം, വചനപ്രകാരം ജീവിക്കണം, ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കരുത്, രക്ഷയിൽ സന്തോഷിക്കണം, നടപ്പ് അവന്റെ ചുവടുകളിൽ തന്നെ ആയിരിക്കണം, പരമാർത്ഥ ഹൃദയമുള്ളവരായിരിക്കണം, ചേതം വന്നാലും സത്യം സംസാരിക്കുന്നവരായിരിക്കണം ഒന്നാം പുനരുദ്ധാനത്തിൽ പങ്കുള്ളവരായിരിക്കണം. എങ്കിൽ മാത്രമേ മണവാട്ടി എന്ന പേരിന് നാം അർഹരാകത്തുള്ളൂ.

മണവാട്ടി എങ്ങനെയുള്ളവളായിരിക്കണം. വിശുദ്ധയായിരിക്കണം, നിർമ്മലകന്യക ആയിരിക്കണം, ശുദ്ധവും, ശുഭ്രവുമായ വിശേഷവസ്ത്രധാരിയായിരിക്കണം (വിശേഷ വസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ) കല്യാണ വസ്ത്രം അനിവാര്യമാണ്, പാപം, ലോകം, ജഡം, പിശാച് എന്നിവയെ അതിജീവിച്ചവളായിരിക്കണം. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയിൽ നിന്ന് വേർപെട്ടവളാകണം. ശുദ്ധയും നിഷ്കളങ്കയും പരിശുദ്ധാത്മാവിന് വിധേയപ്പെട്ടവളുമായി മണവാളന്റെ വരവിനായി പ്രത്യാശയോടെ കാത്തിരിക്കുന്നവളാകണം. ഇവിടെയെല്ലാം വിശുദ്ധിക്ക് വളരെ പ്രാധാന്യമുണ്ട്. എങ്കിൽ മാത്രമേ നാം മണവാളന്റെ വരവിന്റെ ശബ്ദം കേൾക്കുകയുള്ളൂ. നാം വിശുദ്ധീകരിക്കപ്പെടണമെങ്കിൽ നമ്മുടെ അവയവങ്ങളെ നീതിക്കായി അടിമപ്പെടുത്തണം. നമ്മുടെ അവയവശുദ്ധിയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഹൃദയവിശുദ്ധിയാണ്. ഹൃദയം വിശുദ്ധമാകുമ്പോൾ ശരീരം വിശുദ്ധമാകും. ശരീരശുദ്ധിക്ക് പ്രധാനം കണ്ണാണ്. കർത്താവ് പറയുന്നു ശരീരത്തിന്റെ വിളക്ക് കണ്ണ്. കണ്ണ് ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും (മത്തായി 6:22).

കണ്ണ് കേടുള്ളതെങ്കിൽ ശരീരം മുഴുവൻ ഇരുട്ടായിരിക്കും. ശരീരത്തിലുള്ള ഇരുട്ട് പാപാന്ധകാരത്തെ കുറിക്കുന്നു. ശരീരത്തിന്റെ ബാഹ്യവും ആന്തരികവുമായ വിശുദ്ധിയുടെ മുഖ്യഘടകമാണ് കണ്ണ്. അതിനാൽ അരുതാത്തതൊന്നും കാണുവാനും ചെയ്യുവാനും ഇടയാകാതെ സൂക്ഷിക്കാം. വിശുദ്ധിയുടെ മാനദണ്ഡം യേശുവിനെപ്പോലെ ആകുക. അശുദ്ധി അപ്രത്യക്ഷപ്പെട്ടാൽ വിശുദ്ധി വെളിപ്പെടും. പഴയ പാപങ്ങളെയും (രഹസ്യവും പരസ്യവുമായ) ജഡത്തിന്റെ ചിന്തകളെയും ഉപേക്ഷിച്ച് മനസ്സ് പുതുക്കി രൂപാന്തരപ്പെടുക. ഇനിയും ഒരു അവസരം കിട്ടി എന്ന് വരില്ല. ലോക സംഭവങ്ങൾ കർത്താവിന്റെ വരവിനെ വിളിച്ചറിയിക്കുന്നു. വരവിങ്കൽ നാം എടുക്കപ്പെടണമോ വേണ്ടയോ എന്ന് സ്വയം തീരുമാനിക്കുക. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. (കൊലൊ. 3:4) ശാരീരിക വിശുദ്ധി ആത്മിക വിശുദ്ധിയായും ആത്മിക വിശുദ്ധി ദൈവിക വിശുദ്ധിയായും തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**സിനി ബിനു, വെണ്ണിക്കുളം**

---

*പേജ് 32 ന്റെ തുടർച്ച (ക്രിസ്തുവിശ്വാസിയുടെ.....)*

നല്ല അളവുകോൽ ആയിരിക്കണം. എന്നിൽ ക്രിസ്തീയ സ്വഭാവം ഉണ്ടോ എന്ന് സ്വയമായും മറ്റുള്ളവരോടും നമുക്ക് ചോദിച്ചു മനസ്സിലാക്കാൻ സാധിക്കും. ഈ ഉന്നത വിളിയുടെ അടിസ്ഥാനത്തിൽ വെളിച്ചം പകരുവാനും പ്രതിഫലിപ്പിക്കുവാനും അവഗണിക്കുവാനും ഒഴിവാക്കുവാനും സാധിക്കാത്ത ഒരു വലിയ ഉത്തരവാദിത്വം നമുക്ക് നല്കപ്പെട്ടിരിക്കുന്നു.

**ഉപസംഹാരം**

അപ്രകാരം വിശുദ്ധരും പ്രിയരും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും എന്ന പുതിയ മേൽവിലാസത്തിൽ ഓരോ ക്രിസ്തുവിശ്വാസിയും ജീവിക്കുമ്പോൾ സഹക്രിസ്തു വിശ്വാസികളെയും അതുപോലെ തന്നെ ലോകത്തിലുള്ള ഓരോരുത്തരെയും നാം ക്രിസ്തുവിന്റെ സ്നേഹത്താലും കരുണയാലും ദയയാലും ദീർഘക്ഷമയാലും സ്വാധീനിക്കുവാൻ അവരോട് മികച്ചതും ഉന്നതവുമായ ആത്മീയ മൂല്യങ്ങളോടുകൂടിയും ആത്മിക ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും അത് നമ്മിൽ കവിഞ്ഞൊഴുകി ലോകം മുഴുവനും ക്രിസ്തുവിന്റെ സാക്ഷിയായിത്തിരുവാനും സാധിക്കണം.

**റോഹൻ ജോൺ, യു.എസ്.എ.**

(തിരുവനന്തപുരം ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ചിൽ നടത്തിയ പ്രസംഗത്തിന്റെ സംക്ഷേപം.)

തയ്യാറാക്കിയത് പാസ്റ്റർ സിബി പി. തോമസ്

## ഈ ലക്കം Quest 98 – ലെ ചോദ്യങ്ങൾ
## 2 രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്നുമാണ്

1. അരാം രാജാവിന്റെ സേനാപതി ആര്?
2. യിരെമ്യാവിന്റെ ജന്മദേശം എവിടെ?
3. ഹിസ്കിയാവിന്റെ രാജധാനി വിചാരകൻ ആര്?
4. യെഹോവാശിന്റെ അമ്മയുടെ പേര് എന്ത്?
5. എക്രോനിലെ ദേവൻ ആര്?
6. ആഹാബ് ഗൃഹത്തെ മുഴുവൻ സംഹരിച്ചുകളഞ്ഞത് ആര്?
7. യോശീയാവിന്റെ കാലത്ത് ന്യായപ്രമാണപുസ്തകം യഹോവയുടെ ആലയത്തിൽ കണ്ടെത്തിയ മഹാപുരോഹിതൻ ആര്?
8. യെഹോവാഹാസിനെ അടക്കം ചെയ്തത് എവിടെ?
9. "യഹോവ ആകാശത്തിൽ കിളിവാതിലുകൾ ഉണ്ടാക്കിയാലും ഈ കാര്യം സാധിക്കുമോ?" ആര് ആരോട് പറഞ്ഞു?
10. "എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളും" എന്ന് നിലവിളിച്ച പ്രവാചകൻ ആര്?
11. ഹോശേയ ദൂതന്മാരെ അയച്ചത് ഏത് മിസ്രയീം രാജാവിന്റെ അടുക്കലാണ്?
12. "ഈ മഹാകാര്യം ചെയ്‌വാൻ നായായിരിക്കുന്ന അടിയൻ എന്തുമാത്രമുള്ളൂ" എന്ന് പറഞ്ഞത് ആര്?
13. എലീശയുടെ പിതാവിന്റെ പേര് എന്ത്?
14. യോവാശിനെയും ധാത്രിയേയും ഒളിപ്പിച്ചുവെച്ചു രക്ഷിച്ച സ്ത്രീ ആര്?
15. യോനാ പ്രവാചകന്റെ പിതാവിന്റെ പേര് എന്ത്?
16. മനശ്ശെയ്ക്ക് പകരം രാജാവായത് ആര്?
17. സിദെക്കീയാവിന്റെ അമ്മയുടെ പേര് എന്ത്?
18. യെഹൂദാരാജാവായ യെഹോയാഖീനെ കടാക്ഷിച്ച് കാരാഗൃഹത്തിൽ നിന്ന് വിടുവിച്ച ബാബേൽ രാജാവ് ആര്?
19. അസര്യാവ് വാഴ്ച തുടങ്ങിയപ്പോൾ അവന് എത്ര വയസ്സായിരുന്നു?
20. "ഞങ്ങൾ പാർക്കുന്ന ഈ സ്ഥലം ഞങ്ങൾക്ക് തീരെ ഇടുക്കമായിരുക്കുന്നു" ആര് ആരോട് പറഞ്ഞു?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 98-ന്റെ ഉത്തരങ്ങൾ 2024 ഡിസംബർ 29-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. **വാട്ട്സ് ആപ്പ് നമ്പർ** : **9087144349**

തപാൽ വഴി ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011



# അനുസ്മരണം

## റെയ്മണ്ട് മനോഹർ അഞ്ചൻ

കർണ്ണാടക സംസ്ഥാനത്തിലെ തുംകൂർ (Tumkur) എന്ന സ്ഥലത്തെ സുവിശേഷകനായിരുന്ന ചാൾസ് അഞ്ചന്റെയും പത്നി മേരി അഞ്ചന്റെ ("ക്രൈസ്തവ വനിത"യുടെ ചീഫ് എഡിറ്റർ)യും നാലുമക്കളിൽ ഇളയവനായ "റേ" (Ray) എന്ന വിളിപ്പേരോടുകൂടിയ റെയ്മണ്ട് മനോഹർ അഞ്ചൻ 1962 ഡിസംബർ 25 - ാം തീയതി ഭൂജാതനായി. ഇളയ മകനായ റെയ്മണ്ട് മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും പ്രീതിവാത്സല്യങ്ങൾക്കു പാത്രീഭൂതനായി വളർന്നു. എല്ലാവരുടെയും 'കണ്ണിലുണ്ണി'യായിരുന്ന പൈതൽ തന്മൂലമുണ്ടാകാവുന്ന യാതൊരു ദുശ്ശീലങ്ങൾക്കും വശംവദനാകാതെ ചെറുപ്രായത്തിൽത്തന്നെ ഏറ്റവും അനുസരണവും സ്നേഹവും പ്രദർശിപ്പിച്ചിരുന്നു. തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം മൈസൂറിലെ ശ്രീരാമകൃഷ്ണാ വിദ്യാശാലയിലും ഊട്ടിയിലെ 'ലവ് ഡെയിലി' (Love Dale) ലും നിർവ്വഹിച്ചു. പ്രസ്തുത സ്കൂളുകളിലെ വിദ്യാഭ്യാസം റെയ്മണ്ടിൽ അധിഷ്ഠിതമായിരുന്ന അനുസരണ ശീലം, സ്നേഹം, അനുകമ്പ മുതലായ ഗുണങ്ങളെ രൂഢമൂലമാക്കുകയും ബാല്യത്തിൽത്തന്നെ സാമാന്യത്തിലധികമായ പക്വത കൈവരിക്കുന്നതിനു സഹായിക്കുകയും ചെയ്തു.

ഹൈസ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ ഒരു ഡോക്ടർ ആകണമെന്നുള്ള ആഗ്രഹം റെയ്മണ്ടിനുണ്ടായിരുന്നു. ബംഗളൂരുവിലെ നാഷണൽ കോളജിലെ വിദ്യാഭ്യാസത്തിനുശേഷം വെല്ലൂർ മെഡിക്കൽ കോളജിലെ പ്രവേശന യോഗ്യതാ പരീക്ഷ എഴുതിയെങ്കിലും അല്പം കൊണ്ട് അതിൽ പരാജിതനായി. എന്നാൽ ഒരു മെഡിക്കൽ ഡോക്ടറാകുന്നതിനുള്ള നിശ്ചയദാർഢ്യം മൂലം മറ്റു പ്രൊഫഷൻ ഒന്നും തിരഞ്ഞെടുക്കാതെ ആ ആഗ്രഹത്തിൽ തന്നെ ഉറച്ചുനില്ക്കുകയും അതിന്റെ ആദ്യപടിയായി കാനഡയിലെ ലെത് ബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ചേർന്ന് പഠിക്കുകയും 1989 - ൽ

മെഡിക്കൽ സയൻസിൽ ബിരുദവും ബിരുദാനന്തര ബിരുദവും അതിനുശേഷം 1993-ൽ അമേരിക്കയിൽ സിയാറ്റിലിലെ യൂണിവേഴ്സിറ്റി ഓഫ് വാഷിംഗ്ടണിൽ നിന്ന് ഡോക്ടറേറ്റ് എടുക്കുന്നതിനും സാധിച്ചു. തുടർന്ന് നോർത്ത് കരോലിനായിലെ ബ്രോഡി മെഡിക്കൽ സ്കൂളിൽ പ്രവേശനം ലഭിക്കുകയും ഗൈനക്കോളജിയിൽ എം.ഡി. ബിരുദം നേടുകയും ചെയ്തു. 2005 മുതൽ ബോസ്റ്റണിലെ ഹാർവാർഡ് മെഡിക്കൽ സെന്ററിൽ അസിസ്റ്റന്റ് പ്രൊഫസറായും ഗൈനക്കോളജിസ്റ്റായും പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്റെ നിശ്ചയദാർഢ്യവും പരിശ്രമവും സർവ്വോപരി അചഞ്ചലമായ ദൈവാശ്രയവും മൂലമാണ് മേൽപ്പറഞ്ഞ എല്ലാ നേട്ടങ്ങളും കൈവരിക്കുവാൻ സാധിച്ചതെന്ന് നിസ്സംശയം പറയാം.

തുംകൂറിൽ തന്റെ മാതാവ് മേരി അഞ്ചന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരുന്ന റൂറൽ ഇൻഡ്യാ മിഷൻ ഹോസ്പിറ്റലിലെ പ്രവർത്തനത്തിൽ വളരെ സ്വാധീനം ചെലുത്തുകയും സാമ്പത്തികമായി അങ്ങേയറ്റം സഹായിക്കുകയും ചെയ്തിരുന്നു. കോവിഡ് കാലത്ത് അടച്ചുപൂട്ടേണ്ടി വന്ന പ്രസ്തുത ആശുപത്രി അജിത്ത് ഐസക് എന്ന വ്യവസായ പ്രമുഖനുമായി ഒത്തുചേർന്ന് തുംകൂറിലെ പ്രഥമ പാലിയേറ്റീവ് കെയർ സെന്റർ ആയി പ്രവർത്തിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതിക്ക് തുടക്കം കുറിച്ചതും ഇപ്പോൾ ഏതാണ്ട് പണിപൂർത്തിയാകാറായ ബഹുനില മന്ദിരത്തിന്റെ നിർമ്മാണത്തിനും ഭാവി പരിപാടികൾക്കും പാലിയേറ്റീവ് കെയർ ടീമുമായി ആലോചിച്ച് തീരുമാനങ്ങൾ എടുക്കുന്നതിനും റെയ്മണ്ടിനുണ്ടായിരുന്ന പങ്ക് ഒരുകാലത്തും വിസ്മരിക്കാവുന്നതല്ല.

2024 ജൂലൈ മാസം ഒന്നാം തീയതി തന്റെ പിതാവ് നിര്യാതനായപ്പോൾ തുംകൂറിൽ വന്നിരുന്ന റെയ്മണ്ട് മടങ്ങി പോയതിനുശേഷം വീണ്ടും ഓഗസ്റ്റ് 31-ാം തീയതി തുംകൂറിൽ വരികയും മാതാവിനോടൊപ്പം സെപ്റ്റംബർ പതിനേഴാം തീയതി വരെ താമസിക്കുകയും ചെയ്തു. 19-ാം തീയതി ബോസ്റ്റണിൽ മടങ്ങിയെത്തിയ റെയ്മണ്ടിന് പിറ്റേ ദിവസം ഒരു വീഴ്ച സംഭവിക്കുകയും താൻ ജോലി ചെയ്തിരുന്ന അതേ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും ചെയ്തു ഏതാണ്ട് 20 ദിവസത്തോളം വെന്റിലേറ്ററിൽ കിടന്നശേഷം ഒക്ടോബർ 9-ാം തീയതി താൻ പ്രിയം വച്ചിരുന്ന കർത്താവിന്റെ സന്നിധിയിൽ പ്രവേശിക്കയാണുണ്ടായത്. 19-ാം തീയതി ബോസ്റ്റണിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ കാനഡയിലും യു.എസ്.എ.യിലും ഉള്ള അനേകം ബന്ധുജനങ്ങളും മിത്രങ്ങളും പങ്കെടുക്കുകയും ആശ്വാസ ദൂതുകൾ അറിയിക്കയും ചെയ്തു.

റെയ്മണ്ടിന്റെ ഭാര്യ കോയിപ്രത്ത് മട്ടയ്ക്കൽ കുടുംബാംഗമായ ജോർജ് മട്ടയ്ക്കലിന്റെ (ഹൂസ്റ്റൺ, യു.എസ്.എ.)യും ഓതറ മായാലിൽ കുടുംബാംഗമായ ലിസിയുടെയും മൂത്തമകൾ ഡോക്ടർ ജിജിയാണ്. അവരുടെ മക്കളായ ക്രിസ്റ്റഫറും, മൈക്കിളും യു.എ.സിൽ മെഡിക്കൽ വിദ്യാർഥികളാണ്. ഹാരി, റിച്ചി, റോബി എന്നിവർ റെയ്മണ്ടിന്റെ സഹോദരന്മാരാണ്. മേൽപ്പറഞ്ഞ പ്രിയപ്പെട്ടവരെയും കുടുംബാംഗങ്ങളെയും വിശിഷ്യ വാർദ്ധക്യത്തിലിരിക്കുന്ന മാതാവ് മേരി അഞ്ചനെയും പ്രാർത്ഥനയിൽ ഓർക്കണമേ എന്ന് അപേക്ഷിക്കുന്നു.

(റെയ്മണ്ടിന്റെ മാതൃസഹോദരന്മാരായ ഡോക്ടർ ചാൾസ് ജോണും
ജോർജ് ജോണും ചേർന്ന് തയ്യാറാക്കിയത്)

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)**
**for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**